കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.dowyd.ksad@kerala.gov.in

# പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വയനാട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി)പി2- 7 /2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട് .

തീയതി – 14/02/2019

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
വയനാട്.

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

പടിഞ്ഞാറത്തറ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :-പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2 ,2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-8 , 3-16 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).
റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം .കെ.എസ്.എ.(ഡബ്ള്യൂ.വൈ.ഡി) പി2-7/2019

തിയ്യതി-14/02/2019

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2017 മുതൽ 31.3.2018 വരെയുമുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയുംപരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് . 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥ | ശ്രീ . പി . എസ് വസന്ത<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018 മുതൽ<br>22.12.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ജി. എസ് . അജിത്ത്<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. കെ. എം . നവാസ്<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ബിന്ദു . കെ .കെ<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. ഇന്ദു. കെ നായർ<br>ഓഡിറ്റർ |

(ബി) നിർവ്വഹണ അധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. സജേഷ് പി .ജി | 01.04.2017 മുതൽ 31.03.2018 വരെ |
| വൈസ് പ്രസിഡന്റ് | ശ്രീമതി. നസീമ പൊന്നാണ്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (വികസന കാര്യം) | ശ്രീമതി. ശാന്തിനി ഷാജി | 01.04.2017 മുതൽ 31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ക്ഷേമകാര്യം) | ശ്രീമതി. ഉഷാ വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018 വരെ |
| സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ (ആരോഗ്യം വിദ്യാഭ്യാസം) | ശ്രീ. നൗഷാദ് എം . പി | 01.04.2017 മുതൽ 31.03.2018 വരെ |

ബി ) നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.അനിൽ രാമകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഷീൻ തോമസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.ഹസീന കരീം | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ശാന്തമ്മ കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. എം .കെ ജയകൃഷ്ണൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വി ഇ ഒ | ശ്രീ.പ്രിൻസ്. ടി. യു | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീ. സായൂജ്. വി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. വിനോദ് കെ. എൻ | 01.04.2017 മുതൽ 02.05.2017 വരെ |
| | ശ്രീമതി ശ്രീരത്നം. പി ( താൽകാലികം ) | 02.05.2017 മുതൽ 18.09.2017 വരെ |
| | ശ്രീ അബ്ദുൾ നാസർ .ടി | 18.09.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീ. ഫിലിപ്പ് | 01.04.2017 മുതൽ<br>31.03.2018 വരെ |
| മെഡിക്കൽഓഫീസർ (ആയുർവേദം) | ഡോ . സിൻസി പവിത്രൻ | 01.04.2017 മുതൽ<br>31.03.2018 വരെ |

ഉള്ളടക്കം



| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 | |
| | ഭാഗം 2<br>വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല | 2-1 | |
| 14 | വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു | 2-2 | |
| 15 | റിസോർട്ടിന് ഹോംസ്റ്റേയുടെ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിനിനത്തിൽ 32,620 രൂപ കുറവ് | 2-3 | |
| 16 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക - കുടിശ്ശിക ഈടാക്കിയില്ല | 2-4 | |
| 17 | ഡി & ഒ ലൈസൻസ് - ലൈസൻസ് എടുക്കാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-5 | |
| | ഭാഗം 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 18 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ-രേഖകൾ പൂർണ്ണമല്ല. | 3-1 | |
| 19 | ആശ്രയപദ്ധതി-പിൻവലിച്ച തുക വിനിയോഗിച്ചില്ല. | 3-2 | |
| 20 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-3 | |

| | | | |
|---|---|---|---|
| 21 | പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം - രേഖകൾ ഹാജരാക്കിയില്ല | 3-4 | |
| 22 | ഗുണഭോക്തൃസമിതി പ്രവൃത്തികൾ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല | 3-5 | |
| 23 | ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ രേഖകളുടെയും , രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് - ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 3-6 | |
| 24 | കൺസോളിഡേഷൻ കുറക്കാത്തതിനാൽ അധികച്ചെലവ് | 3-7 | |
| 25 | ഗുണഭോക്തൃസമിതി പ്രവൃത്തികൾ -കൺവീനറുടെ ചെലവുരേഖകൾ ഇല്ലാതെ തുക അനുവദിച്ചു. | 3-8 | |
| 26 | പഞ്ചായത്ത് ഓഫീസ് കെട്ടിടം എക്സ്റ്റൻഷൻ പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-9 | |
| 27 | ബിറ്റുമിൻ വാങ്ങുന്നതിന് തുക പിൻവലിച്ചത് - പൂർണമായും വിനിയോഗിച്ചില്ല. | 3-10 | |
| 28 | പകൽവീടിന് ഭൌതികസാഹചര്യം ഒരുക്കൽ-തുക പാഴായി | 3-11 | |
| 29 | പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് കെട്ടിടം ഉപയോഗക്ഷമമല്ല | 3-12 | |
| 30 | ഇൻകം ടാക്സ് ,കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം എന്നിവ അടവാക്കാൻ പിൻവലിച്ച തുകകളുടെ അടവ് വിവരം ഇല്ല. | 3-13 | |
| 31 | കൺവീനർമാർക്കും കോൺട്രാക്ടർമാർക്കും തുക ട്രാൻസ്ഫർ ചെയ്തതിലെ അപാകങ്ങൾ | 3-14 | |
| 32 | വാട്ടർ അതോറിറ്റിയിൽ അടക്കുന്നതിന് പിൻവലിച്ച തുകയുടെ വിനിയോഗവിവരം ഇല്ല | 3-15 | |
| 33 | ടെണ്ടർ ഫോറം വിൽപ്പന-സ്റ്റോക്ക് രജിസ്റ്റർ വെച്ചിട്ടില്ല | 3-16 | |
| 34 | ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. | 3-17 | |
| | ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 35 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 36 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 38 | വായ്പ / വായ്പാതിരിച്ചടവ് | 4-4 | |
| 39 | സ്ഥിര നിക്ഷേപം | 4-5 | |
| 40 | ഓഡിറ്റ് റിക്കവറി | 4-6 | |
| 41 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 42 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017തീയതിയിലെ 49/17 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 15.03.2018 ലെ 49/18-നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 15.05.2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 11.06.2018 & 12.06.2018 | കെ. എസ്. ഡബ്ല്യു. വൈ. ഡി. പി2- 519/18 തീ. 26.06.2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,77,49,293.50 |
| വരവ് | 10,11,73,611 |
| ആകെ | 11,89,22,904.5 |
| ചെലവ് | 9,72,97,211 |
| നീക്കിയിരിപ്പ് | 2,16,25,693.50 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 16927994 | 16927994 | 13862649 | 3065345 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 3867021 | 3867021 | 2092780 | 1774241 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 8035775 | 8035775 | 7099767 | 936008 |
| മെയിന്റനൻസ്, റോഡ് | 0 | 17066375 | 17066375 | 15645423 | 1420952 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3673078 | 3673078 | 3004495 | 668583 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7890128 | 7890128 | 4004474 | 3885654 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 4832408 | 4832408 | 3607205 | 1225203 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 9028000 | 9028000 | 3295016 | 5732984 |
| ബി ഫണ്ട് | 0 | 479579 | 479579 | 479579 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 397 | 10,59,77,302 | 201 | 5,41,83,639 | 107 | 89 | 53.23 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 32908 | 1669506 | 1702414 | 1642419 | 59995 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 30009489 | 30009489 | 30009489 | - |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 41 | 25560 |
| കർഷകതൊഴിലാളി പെൻഷൻ | 632 | 2768600 |
| വിധവാപെൻഷൻ | 969 | 5412800 |
| വാർദ്ധക്യകാലപെൻഷൻ | 1089 | 6886800 |
| വികലാംഗപെൻഷൻ | 329 | 1547500 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 4 | 120000 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2018ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52093 ( അമ്പത്തി രണ്ടായിരത്തി തൊണ്ണൂറ്റി മൂന്ന് ) രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമല്ല . ഭരണസമിതി തീരുമാനങ്ങൾ പ്രിന്റെടുത്ത് ബൈന്റ് ചെയ്ത് സൂക്ഷിക്കുന്നില്ല . മീറ്റിംഗ് അജണ്ട രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല . സ്റ്റാന്റിംഗ് കമ്മിറ്റികൾ ബന്ധപ്പെട്ട് വിഷയ മേഖലകൾ മുഴുവൻ പരിഗണിക്കുന്നില്ല . സ്റ്റാഫ് മീറ്റിംഗ് മാസാമാസം കൂടുന്നില്ല . സ്റ്റാഫ് മീറ്റിംഗ് യോഗങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ പങ്കെടുക്കുന്നില്ല . വാർഡ് ക്ലർക്കുമാരുടെ ഫീൽഡ് തല പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നില്ല . ഡേ ബുക്ക് ദിവസേന പ്രിന്റ് എടുത്ത് ചുമതലയുള്ള ഉദ്യോഗസ്ഥർ ഒപ്പുവെക്കുന്നില്ല . അക്കൗണ്ടുകളുടെ പ്രതിമാസ റീ കൺസിലേഷൻ നടത്തുന്നില്ല .

വസ്തുനികുതി , കെട്ടിട നിർമ്മാണ അനുമതി എന്നിവയുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല . ടി അപേക്ഷകളിൽ സമയബന്ധിതമായും , മുൻഗണനാ ക്രമത്തിലും നടപടികൾ സ്വീകരിക്കുന്നില്ല . ഓഡിറ്റ് റിപ്പോർട്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റി അടിസ്ഥാനത്തിൽ ചർച്ച ചെയ്യുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നില്ല . ആഭ്യന്തര നിയന്ത്രണം കാര്യക്ഷമമാക്കാൻ ശ്രദ്ധിക്കേണ്ടതാണ് .

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.05.2018 – 30.05.2018 | 2017-18 | 21/11/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല | | |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ ഇല്ല. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധമായി ചേർത്തിട്ടുണ്ട് .

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പെർമ്മിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

2017 – 18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കെട്ടിട നിർമ്മാണ അനുമതി രജിസ്റ്ററുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു .

1) കെട്ടിട നിർമ്മാണ അനുമതി രജിസ്റ്റർ പൂർണ്ണമല്ല .

2)വാർഷിക കണക്ക് പ്രകാരം 1,31,153/- രൂപ പെർമിറ്റ് ഫീ ഇനത്തിൽ വരവുണ്ട് . പെർമിറ്റ് രജിസ്ററനിൽ ഈടാക്കിയ പെർമ്മിറ്റ് ഫീസ്/ രസീതി നമ്പർ , ഫയലുകൾ എഞ്ചിനീയറിംഗ് വിഭാഗത്തിന് അന്വേഷണത്തിനായി നൽകിയ തീയതി , തിരികെ ലഭിച്ച തീയതി , പെർമ്മിറ്റ് കാലാവധി , കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് നമ്പറിംഗ് നൽകിയതിന്റെ വിവരങ്ങൾ എന്നിവയൊന്നും രേഖപ്പെടുത്തുന്നില്ല. ചട്ടപ്രകാരം അപേക്ഷ ലഭിച്ച് 30 ദിവസങ്ങൾക്കുള്ളിൽ സെക്രട്ടറി അനുമതി നൽകുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ പെർമിറ്റ് നൽകുന്നതിൽ മുൻഗണനാക്രമം പാലിക്കുന്നുണ്ടോയെന്ന് വ്യക്തമല്ല . മേൽ സൂചിപ്പിച്ച അപാകതകൾ നിലനിൽക്കെയാണ് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ രജിസ്റ്ററിൽ ഒപ്പുവെക്കുന്നത് . കെട്ടിട നിർമ്മാണ രജിസ്റ്റർ 2015-16 മുതൽ 2017 -18 വരെ സംക്ഷിപ്തം എഴുതി പൂർത്തിയാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല .

3 ).വാർഷിക കണക്ക് പ്രകാരം 79283/- രൂപ റഗുലറൈസേഷൻ ഫീ ഇനത്തിലും വരവുണ്ട് . റഗുലറൈസേഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല .

4)നമ്പറിംഗ് നൽകുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് നൽകിയതു മുതലുള്ള പ്ലാനുകൾ , അനുബന്ധ രേഖകൾ എന്നിവ ഒറ്റ ഫയൽ ആയി സൂക്ഷിക്കേണ്ടതാണ് . എന്നാൽ റിസോർട്ടുകൾ , വലിയ വാണിജ്യ കെട്ടിടങ്ങൾ എന്നിവയുടെ കാര്യത്തിൽ നമ്പരിംഗ് ഫയലിനൊപ്പം പെർമിറ്റ് നൽകിയ വിവരങ്ങൾ അടങ്ങിയ ഫയലുകൾ സൂക്ഷിച്ചിട്ടില്ല .

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 22/19.12.2018 ) ന് മറുപടി നൽകിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന രജിസ്റ്ററുകൾ പൂർത്തിയാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ് .

### 2-2 വാണിജ്യ കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കുന്നു

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും -സർചാർജ്ജും) ചട്ടങ്ങളിൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത് ( പ്രകാരം 3(5) , ചട്ടം 4 (1) എന്നിവ കാണുക ). എന്നാൽ പഞ്ചായത്തിലെ 100ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിൽ കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണത്തിനു പകരം ഓരോ റൂമുകളുടെയും വിസ്തീർണ്ണത്തിനനുസരിച്ച് നികുതി നിർണ്ണയിക്കുന്നതിനാൽ നികുതി നിർണ്ണയത്തിൽ കുറവ് സംഭവിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിജ്ഞാപന പ്രകാരം 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70 രൂപ

നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് നികുതി നിർണയിക്കുന്നത്. ഇത് കാരണം എല്ലാ വാണിജ്യ കെട്ടിടങ്ങൾക്കും 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കുന്നുള്ളൂ.

മേൽ അപാകതകൾ ഉള്ളതിനാൽ പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ കുറവ് ഉണ്ടാകുന്നതായി 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ( ഖ – 2-2 ) പരാമർശിച്ചിരുന്നു . 2017- 18 ൽ നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളിലും ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കുന്നുണ്ട് . ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു (സഞ്ചയ സോഫ്റ്റ്‌വെയർ ഫോറം -6 പ്രകാരം നികുതി നിർണ്ണയിച്ചതിന്റെ വിവരങ്ങളാണ് താഴെ കൊടുക്കുന്നത് ) .

മേൽ ചട്ട പ്രകാരം കെട്ടിടത്തിന്റെ വസ്തു നികുതി കണക്കാക്കുന്നത് താഴെ പറയും പ്രകാരമാണ് .

വാർഷിക വസ്തുനികുതി = കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം * അടിസ്ഥാന വസ്തുനികുതി നിരക്ക്+

വസ്തുനികുതിയിലെ വർദ്ധനവ് - വസ്തുനികുതിയിലെ ഇളവ് . )

വസ്തുനികുതി നിർണ്ണയ രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും, സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് അസ്സസ്മെന്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാലും പഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ നമ്പറിംഗ് ഫയലുകൾ പരിശോധിച്ചതിൽ നിന്നുള്ള വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത് .

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | കെട്ടിട നം / തറ വിസ്തീർണ്ണം | നിർണ്ണയിച്ച വസ്തുനികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി | വ്യത്യാസം |
|---|---|---|---|---|---|
| 1 | സുലൈമാൻ ഹാജി | 4/199/A ,<br>ഒന്നാം നില – 67.99 ച.മീ<br>രണ്ടാം നില - 67.99 ച.മീ<br>ദ്വിതീയം , 5 m റോഡ് | ഒന്നാം നില -<br>BT- 3740<br>LC -187<br>രണ്ടാം നില -<br>BT- 3553<br>LC -178<br>ആകെ = 7658 | ഒന്നാം നില<br>67.99 X 70 + 20 % വർദ്ധനവ് - 10 % = 5235<br>LC = 262<br>രണ്ടാം നില<br>( 67.99 X 70 + 20 % വർദ്ധനവ് - 10 % ) 95 / 100 =<br>4973<br>LC = 249<br>ആകെ = 10719 | 3061 |

2 ) 2017 -18 വർഷത്തെ വസ്തുനികുതി നിർണ്ണയ രജിസ്റ്റർ , ഡിമാന്റ് രജിസ്റ്റർ , കുടിശ്ശിക രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല .

ചട്ടവിരുദ്ധമായി നികുതി നിർണ്ണയിച്ചതിന് വിശദീകരണം നൽകേണ്ടതും മേൽപ്പറഞ്ഞ കെട്ടിടത്തിൽ നിന്നും 2017-18 ൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും , രജിസ്റ്ററുകളും ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 29/20.12.2018 ) നികുതി പുനർ ഈടാക്കി അറിയിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട് . 2016 -17 വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 2-2 ൽ ടി വിഷയം ചൂണ്ടിക്കാണിച്ചിരുന്നുവെങ്കിലും യാതൊരു നടപടിയും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ല . ഇത്തരത്തിലുള്ള അലംഭാവം പഞ്ചായത്തിന് നികുതിയിനത്തിൽ വൻതുക നഷ്ടമാവുന്നതിന്

ഇടവരുത്തുന്നു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 243(2) പ്രകാരം യഥാസമയം നടപടി എടുക്കുന്നതിലുണ്ടായ വീഴ്ച മൂലം കാലഹരണപ്പെടുകയും, അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ , ഉദ്യോഗസ്ഥരുടെയോ വീഴ്ചമൂലമാണെന്ന് കാണുകയും ചെയ്താൽ നഷ്ടപ്പെടുന്ന തുക 12% പലിശ സഹിതം അവരിൽ നിന്നും ഈടാക്കേണ്ടതാണ് .

നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതും , രജിസ്റ്ററുകൾ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ് .

## 2-3 റിസോർട്ടിന് ഹോംസ്റ്റേയുടെ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിനിനത്തിൽ 32,620 രൂപ കുറവ്

പെർമിറ്റ് നൽകിയതിന് വിരുദ്ധമായി വസ്തുനികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ താഴെ കൊടുക്കുന്ന തരത്തിൽ കുറവുണ്ടായിട്ടുണ്ട് . ശ്രീ മമ്മൂട്ടി മുതൽ പേർ എന്നവരുടെ കൈവശമുള്ള റി .സർവേ നമ്പർ 196/14 , 196/15 ൽ റിസപ്ഷൻ , റസ്റ്റോറന്റ് , കോൺഫറൻസ് ഹാൾ , ഹെൽത്ത് ക്ലബ് , ബെഡ് റൂം ഉള്ള 736.58 ച.മീ ( 3 നില ) കെട്ടിടം ( BLDG – 1 ) , ബെഡ് റൂം , ഡോർമിറ്ററികൾ ( 3 നില , ) ഉള്ള 542.52 ച .മീ കെട്ടിടം , രണ്ട് നിലകളിലായി 168.71 ച.മീ ഉള്ള 5 കോട്ടേജുകൾ , ഒരു നിലയുള്ള 41.71 ച.മീ വിസ്തീർണ്ണമുള്ള 3 കോട്ടേജുകൾ , കുട്ടികൾക്കും , മുതിർന്നവർക്കും ഉള്ള നീന്തൽക്കുളം അടക്കം 2275.37 ച . മീ ഏരിയയുള്ള റിസോർട്ട് പണിയുന്നതിന് ബിഎ/28/2017- 2018 / 26.5.2017 അനുമതി നൽകിയിട്ടുണ്ട് . ( നോട്ട് ഫയലിലും , പെർമ്മിറ്റ് രജിസ്റ്ററിലും റിസോർട്ട് എന്നും , പെർമ്മിറ്റിൽ സ്പെഷ്യൽ റസിഡൻസ് , A2 എന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത് ) .

മേൽ പെർമ്മിറ്റിലെ BLDG – 1 ൽ രണ്ട് നിലകളിലായി 526.76 ച . മീ ഏരിയ പൂർത്തീകരിച്ചിട്ടുണ്ടെന്നും നമ്പർ നൽകണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച കംപ്ലിഷൻ പ്ലാൻ അനുസരിച്ച് 13/457 A,B,C,D,E,F,G,H എന്നീ നമ്പറുകൾ നൽകി ഹോംസ്റ്റേയുടെ നിരക്കിലാണ് ( ച .മീ ന് 50 രൂപ ) നികുതി നിർണ്ണയിച്ചിട്ടുള്ളത് . ഇത്തരത്തിൽ നികുതി നിർണ്ണയിച്ചതിനാൽ താഴെ പറയുന്ന തരത്തിൽ നഷ്ടം ഉണ്ടായിട്ടുണ്ട് .

നികുതി നിർണ്ണയിച്ചത് -(വസ്തു നികുതി+ലൈബ്രറി സെസ് )21,075 + 1,059 = 22,134 രൂപ

നികുതി നിർണ്ണയിക്കേണ്ടത് –
അടിസ്ഥാന വസ്തുനികുതി നിരക്ക് = 90 രൂപ/ച.മീ

അടിസ്ഥാന വസ്തുനികുതി = 526.76 X 90 = 47,408.4 രൂപ = 47,408 രൂപ

കെട്ടിടം സ്ഥിതി ചെയ്യുന്നത് ദ്വിതീയ മേഖലയിൽ ആയതിനാൽ അടിസ്ഥാന വസ്തുനികുതി 10% ഇളവും , കംപ്ലീഷൻ പ്ലാൻ പ്രകാരം സൈറ്റിലേക്കുള്ള പ്രവേശനം 5 മീ . റോഡിൽ നിന്നുള്ളതിനാൽ 20% വർദ്ധനവും വരുത്തി വാർഷിക നികുതി 52,149 ( 47,408 + 20% വർദ്ധനവ് - 10 % ഇളവ് ) രൂപയും , ലൈബ്രറി സെസ്സ് 2,607 രൂപയും അടക്കം 54,756 രൂപയാണ് ഈടാക്കേണ്ടത് .

വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിന് വിശദീകരണവും , പ്രസ്തുത കെട്ടിടത്തിൽ നിന്ന് നികുതി ഈടാക്കിയതിന്റെയും വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 30/17-18/20.12.2018 ) മറുപടി നൽകിയിട്ടില്ല . കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനാൽ പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ 31,074 ( 52,149-21,075 ) രൂപയും , ലൈബ്രറി സെസ്സ് ഇനത്തിൽ 1548 ( 2607 – 1059 ) രൂപയും ഓരോ വർഷവും നഷ്ടപ്പെടുമെന്നതിനാൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ് .

## 2-4 പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് വാടക - കുടിശ്ശിക ഈടാക്കിയില്ല

പഞ്ചായത്ത് ഭരണസമിതിയുടെ 2016 മാർച്ച് 10 ലെ 36/15-16 -ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ 23 റൂമുകൾ പുതിയ നിരക്കിൽ പുനർലേലം ചെയ്യുന്നതിന് തീരുമാനിക്കുകയും നിലവിലുള്ള 23 വാടകക്കാർക്ക് അറിയിപ്പ് നൽകകകയും ( 18.11.2016 , 11.04.2017 ) ചെയ്തു . ഭരണസമിതിയുടെ 71/17 തീ. 05.05.2017 ലെ തീരുമാന പ്രകാരം 16.5.2017 ൽ പുനർലേലം നടത്തി 21 റൂമുകൾ ലേലത്തിൽ പോയെങ്കിലും ലേലം കൊണ്ട ആരും തന്നെ കരാർ ഉടമ്പടിയിൽ ഒപ്പു വെയ്ക്കാത്തതിനാൽ 2017 ആഗസ്റ്റ് 22 ന് വീണ്ടും പുനർലേലം നടത്തി . 23 റൂമുകൾ ലേലം കൊണ്ട പുതിയ കച്ചവടക്കാർ കരാർ ഉടമ്പടി വെച്ചെങ്കിലും പഴയ കച്ചവടക്കാർ റൂമുകൾ ഒഴിഞ്ഞു കൊടുക്കാത്തതിനാൽ റൂമുകൾ കൈമാറുന്നതിന് സാധിച്ചില്ല .

പഞ്ചായത്തിന്റെ പുനർ ലേല നടപടികൾ നിർത്തിവെക്കാൻ ആവശ്യപ്പെട്ട് മുൻ കച്ചവടക്കാർ കൽപ്പറ്റ കോടതിയിൽ ഹർജി നൽകിയതിനെ തുടർന്ന് പഞ്ചായത്തിന് ലേല നടപടികൾ തുടരാമെന്ന് കോടതി അറിയിച്ചതിനെ തുടർന്ന് പരാതിക്കാർ ബഹു. ഹൈക്കോടതിയെ സമീപിച്ചെങ്കിലും 30.5.2017 & 17.7.2017 തീയതികളിലെ വിധി പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് കടമുറികൾ പഞ്ചായത്തിന് നിയമപരമായി യഥേഷ്ടം ഉപയോഗിക്കുന്നതിനും ലേലം ചെയ്യുന്നതിനും അനുമതി നൽകി .

തുടർന്ന് റൂമുകൾ ഒഴിഞ്ഞ് തരണമെന്ന് ആവശ്യപ്പെട്ട് മുൻ കച്ചവടക്കാർക്ക് നിരന്തരം നോട്ടിസ് നൽകുകയും , റൂമുകൾ ഒഴിഞ്ഞ് പോകാത്ത സാഹചര്യത്തിൽ പോലീസ് സംരക്ഷണത്തോട് കൂടി റൂമുകൾ ഒഴിപ്പിക്കുന്നതിന് സൂപ്രണ്ട് ഓഫ് പോലീസിനെ എതിർകക്ഷിയാക്കി പഞ്ചായത്ത് ഹൈക്കോടതിയെ സമീപിക്കുകയും 29.5.2018 ലെ WP(C).No . 14081 / 2018 വിധിന്യായ പ്രകാരം വാടക കുടിശ്ശിക 01.08.2018 ന് മുമ്പ് പൂർണ്ണമായും നൽകി റൂമുകൾ ഒഴിഞ്ഞ് കൊടുക്കുന്നതിനും ഒഴിഞ്ഞ് കൊടുക്കുന്നില്ലെങ്കിൽ പോലീസ് സഹായത്തോടെ റൂമുകൾ ഒഴിപ്പിക്കുന്നതിനും ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ട് . കച്ചവടക്കാർ ഒഴിയാത്തതിനാൽ 2.8.2018 ന് കടമുറികൾ പോലീസ് സഹായത്തോടെ റൂമുകൾ ഒഴിപ്പിച്ചിട്ടുണ്ട് .

മുൻ കച്ചവടകക്കാരിൽ നിന്നും വാടക കുടിശ്ശിക ഈടാക്കിയതിന്റെ വിവരങ്ങളും അധിക വിവരങ്ങൾ ഉണ്ടെങ്കിൽ ആയതും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ( 8/17-18/13.12.2018) നൽകിയ മറുപടി താഴെകൊടുക്കുന്നു .
മുൻകച്ചവടക്കാർ അനധികൃതമായി കടമുറികൾ കൈവശം വെച്ച കാലയളവ് കണക്കാക്കി വാടക കുടിശ്ശിക ഒടുക്കുന്നതിന് 29.8.2018 ലെ എ2-189/2012 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു . ബഹു.കേരള ഹൈക്കോടതിയുടെ വിധിക്കെതിരെ മുൻകച്ചവടക്കാർ സുപ്രീംകോടതിയെ സമീപിക്കുകയും എന്നാൽ സുപ്രീംകോടതി ഹൈക്കോടതിയുടെ വിധി ശരി വെയ്ക്കുകയും ചെയ്തിട്ടുണ്ട് .മുൻകച്ചവടക്കാർ കുടിശ്ശികയിനത്തിൽ 650432/- രൂപ ഒടുക്കുവാനുണ്ടെന്നും , 18.12.2018 ലെ എ2-189/2012 നമ്പർ കത്ത് പ്രകാരം വാടക കുടിശ്ശിക അടവാക്കുന്നതിന് വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ടെന്നും കുടിശ്ശിക ഈടാക്കി അറിയിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് . പഞ്ചായത്തിൽ നിലവിൽ നിശ്ചിത മാതൃകയിലുള്ള വാടക ഡിമാന്റ് രജിസ്റ്ററോ , കുടിശ്ശിക ഡിമാന്റ് രജിസ്റ്ററോ സൂക്ഷിച്ചിട്ടില്ല . ആയതിനാൽ വാർഷിക കണക്ക് പ്രകാരം വാടകയിനത്തിലെ ഡിമാന്റ് , കളക്ഷൻ , ബാലൻസ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് സാധിച്ചിട്ടില്ല . ഇക്കാര്യത്തിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു .

## 2-5 ഡി & ഒ ലൈസൻസ് - ലൈസൻസ് എടുക്കാതെ കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു .

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 [1999 ലെ ഭേദഗതി കാണുക] പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെയും

പഞ്ചായത്ത് പ്രദേശത്ത് ഏതൊരു സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.

2017-18 വർഷത്തെ ഡി & ഒ ലൈസൻസ് അനുബന്ധ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നു . 2016 -17 ൽ 302 കച്ചവടക്കാർക്ക് ലൈസൻസ് നൽകിയ ഇനത്തിൽ പഞ്ചായത്തിന് 92,500 രൂപ വരവുണ്ട് . 2017-18 ലെ ഡി&ഒ രജിസ്റ്റർ പ്രകാരം 7 പുതിയ സ്ഥാപനങ്ങൾ ഉൾപ്പെടെ ( ക്രമ നമ്പർ 167, 191, 194 ,195 , 213 ,214 , 215 ) 263 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത് . തൻ വർഷം ഈയിനത്തിൽ ലഭിച്ചത് 75,000 രൂപയാണ് . ഈയിനത്തിലെ വരവ് മുൻ വർഷത്തേക്കാൾ 17,500 രൂപ കുറവാണ് . വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കാതെ ഡിമാന്റ് തന്നെ കളക്ഷൻ ആയി കണക്കാക്കുകയാണ് ചെയ്യുന്നത് . ലൈസൻസില്ലാതെ പ്രവർത്തിച്ച ( 302 – 256 = 46 ) സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിവരവും , വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കാത്തതിന് വിശദീകരണവും നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 23/19.12.2018 ) ലഭ്യമാക്കിയ മറുപടിയിൽ കരട് ട്രേഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയിട്ടുണ്ട് . ലൈസൻസില്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കി അറിയിക്കേണ്ടതാണ് .

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ-രേഖകൾ പൂർണ്ണമല്ല.

സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗിന് വേണ്ടി തുക പിൻവലിച്ചുവെങ്കിലും പദ്ധതി നടപ്പാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല . വിശദവിവരം ചുവടെ ചേർക്കുന്നു .

പ്രോജക്ട് നമ്പർ- 34/18

പ്രോജക്ടിന്റെ പേര് - സ്ട്രീറ്റ് ലൈറ്റ് റിപ്പയർ

നിർവഹണം- സെക്രട്ടറി

അടങ്കൽ- ₹ 200000

ചെലവഴിച്ച തുക - ₹ 195000

ട്രഷറി ബിൽ നമ്പർ-28/17-18/ 31.3.18

ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ 150 LED ലൈറ്റുകൾ വാങ്ങിയതിന്റെ 90,000 രൂപയുടെ ഇൻവോയിസ് മാത്രമാണുള്ളത് ( ഇൻവോയ്സ് നമ്പർ B164/28.03.2018 ) . എന്നാൽ ഈ 150 സ്ട്രീറ്റ്ലൈറ്റുകൾ ലഭിച്ചോയെന്ന് പോലും വ്യക്തമല്ല .ടെണ്ടർ പ്രകാരം സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ശ്രീ.കെ.പി.അബൂബക്കറിനെ ഏൽപ്പിക്കുകയും ശ്രീ.കെ.പി.അബൂബക്കർ കരാർ വെക്കുകയും ചെയ്തിട്ടുണ്ട്. കരാർ പ്രകാരം ഒരു വർഷത്തേക്ക് സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്തു തരേണ്ടതും പോസ്റ്റുകളിൽ നിന്ന് അഴിച്ചുമാറ്റുന്ന കേടായ ലൈറ്റുകൾ പഞ്ചായത്തിൽ ഏൽപ്പിക്കേണ്ടതും കരാറുകാരന്റെ ഉത്തരവാദിത്തമാണ്.

ഇൻവോയ്സ് പ്രകാരമുള്ള സ്ട്രീറ്റ് ലൈറ്റുകൾ സ്റ്റോക്കിൽ ചേർത്തതായോ വിതരണം ചെയ്തതായോ കാണുന്നില്ല.ഈ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വിവരങ്ങളും അഴിച്ചുമാറ്റിയ സ്ട്രീറ്റ് ലൈറ്റുകൾ എന്തുചെയ്തുവെന്ന വിവരങ്ങളും ഓഡിറ്റിന് നൽകിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 40തീയതി 22.12.18 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയില്ല. 195000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനുബന്ധ രേഖകളും വിശദമായ മറുപടിയും ലഭ്യമാക്കേണ്ടതാണ് .

## 3-2 ആശ്രയപദ്ധതി-പിൻവലിച്ച തുക വിനിയോഗിച്ചില്ല.

തൻവർഷം സെക്രട്ടറി അഗതി – ആശ്രയ പദ്ധതിക്കു വേണ്ടി പിൻവലിച്ച തുകയുടെ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല .

പ്രോജക്ട് നമ്പർ- 11/18

പ്രോജക്ടിന്റെ പേര് - ആശ്രയ പ്രോജക്ട്

നിർവഹണം- സെക്രട്ടറി

അടങ്കൽ- ₹ 100000/-

ചെലവഴിച്ച തുക - ₹ 100000/-

ട്രഷറി ബിൽ നമ്പർ-3/17-18/ 30.6.17

ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എന്തുചെയ്തുവെന്നുള്ള യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.ഓഡിറ്റ് എൻക്വയറി നമ്പർ 40തീയതി 22.12.18 പ്രകാരം വിവരങ്ങൾ ആവശ്യപ്പെട്ടതിന് മറുപടി നൽകിയില്ല. തുക കുടുംബശ്രീയുടെ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുണ്ട് എന്നാണ് അറിയിച്ചത്. തുക ചെലവഴിച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്തതിനാൽ 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഇത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

## 3-3 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രവും, ഭൗതികനേട്ട റിപ്പോർട്ടും ഹാജരാക്കിയിട്ടില്ല .

1 ) പി.എം .എ.വൈ - ബിൽ 15/17-18/31.10.2017 , 40,000/- ( ജനറൽ ) തുക കൈപ്പറ്റിയ സ്ഥാപനം - കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് .

2)പി.എം .എ.വൈ - ബിൽ 16/17-18/31.10.2017 , 60,000/- ( എസ്.സി.പി ) തുക കൈപ്പറ്റിയ സ്ഥാപനം - കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് .

3) പി.എം .എ.വൈ - ബിൽ 17/17-18/31.10.2017 , 4,55,000/- ( ടി. എസ്. പി ) തുക കൈപ്പറ്റിയ സ്ഥാപനം - കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് .
ആകെ – 5,55,000/-

തുകയുടെ വിശദമായ വിനിയോഗ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. 5,55,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 3-4 പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ഓട്ടോറിക്ഷാ വാങ്ങുന്നതിന് ധനസഹായം - രേഖകൾ ഹാജരാക്കിയില്ല

നിർവഹണം - അസി .സെക്രട്ടറി

പ്രോജക്റ്റ് നം - 360/18
അടങ്കൽ – 4,00,000/- ( ടി. എസ് .പി )
ചെലവ് – 2,00,000/-

ബിൽ നം - 1/17-18/21.12.2017 , 2,00,000/-

പതിമൂന്നാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം ( ജി.ഒ ( എം.എസ് ) നം .80/2017/ ത.സ്വ. ഭ .വ തീ. 03.04.2017 , പട്ടിക 8.7.4 കാണുക ) ഡ്രൈവിംഗ് ലൈസൻസുള്ള ഗുണഭോക്താക്കളായി തെരെഞ്ഞെടുക്കപ്പെട്ടവർക്ക് വാഹനം വാങ്ങുന്നതിന് പരമാവധി 50,000/- രൂപ ധനസഹായം നൽകാവുന്നതാണ് . വായ്പാ ബന്ധിത പ്രോജക്ടായി നടപ്പാക്കേണ്ട ടി പദ്ധതിക്ക് ധനസഹായ തുക ബാക്ക് എന്റ് സബ്സിഡിയായി ബാങ്കിലേക്ക് നൽകണം.

താഴെ കൊടുക്കുന്ന നാല് പേർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി 50,000/- രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട് .

1 ) ബാബുരാജ് , നാലാം വാർഡ്

2 ) ചന്ദ്രൻ സി .എ , നാലാം വാർഡ്

3 )രാജു .സി.വി , മൂന്നാം വാർഡ്

4 )സുരേഷ് ബാബു , ഒമ്പതാം വാർഡ്

ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

1 ) ഈ പദ്ധതി ബാങ്ക് വായ്പയുമായി ബന്ധപ്പെട്ടാണ് നടപ്പിലാക്കേണ്ടത് . എന്നാൽ ചന്ദ്രൻ സി .എ , രാജു .സി.വി , സുരേഷ് ബാബു എന്നിവർ ഏത് ധനകാര്യ സ്ഥാപനത്തിൽ നിന്നാണ് വായ്പ എടുത്തത് എന്ന് വ്യക്തമല്ല .

2 )വാഹനം ഏത് സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയത്, എത്ര തുകയ്ക്കാണ് വാങ്ങിയത് എന്ന വിവരം ഹാജരാക്കിയിട്ടില്ല .

3)ഓട്ടോറിക്ഷാ വാങ്ങിയതിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ ഹാജരാക്കിയിട്ടില്ല .

4)ധനസഹായം നൽകിയത് ഏത് അക്കൗണ്ടിലേക്കാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല .

മേൽ സൂചിപ്പിച്ച രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 36/17-18/21.12.2018 ) മറുപടി ലഭ്യമാക്കിയിട്ടില്ല .രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുക 2,00,000/-രൂപ തടസ്സത്തിൽ വെക്കുന്നു. ഇതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 3-5 ഗുണഭോക്തൃസമിതി പ്രവൃത്തികൾ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ ഗുണഭോക്തൃസമിതി പ്രവൃത്തികൾ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് നടപ്പിലാക്കിയത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്തൃസമിതിയുടെ ചെയർമാനും കൺവീനറും അഗംങ്ങളും ഗുണഭോക്തൃ പ്രദേശത്തെ അംഗങ്ങളാണെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്.പ്രവൃത്തികളുടെ നിർവ്വഹണത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല. ഇതിനുപുറമേ പ്രവൃത്തി നിർവ്വഹണത്തിന്റെ രേഖകൾ പരിശോധനയിൽ കണ്ട മറ്റ് അപാകതകൾ താഴെ

പറയുന്നു.

1. മിനുട്ട്സ് ബുക്ക് : ആഴ്ചയിൽ ഒരിക്കൽ യോഗം ചേർന്നതായി കാണുന്നില്ല. ബാങ്കിൽ നിന്ന് എത്ര രൂപ പിൻവലിക്കണം, സാധനങ്ങൾ ഏത് നിരക്കിൽ എവിടെ നിന്ന് വാങ്ങണം , എത്ര തൊഴിലാളികളെ നിയോഗിക്കണം തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചതായി മിനുട്ട്സിൽ രേഖപ്പെടുത്തലുകൾ ഇല്ല.വരവ് ചെലവ് കണക്കുകൾ അംഗീകരിച്ച് മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.
2. മസ്റ്റർറോൾ :മസ്റ്റർറോളുകളിൽ തൊഴിലാളികൾ ഒപ്പിനോടൊപ്പം തീയതി രേഖപ്പെടുത്തിയിട്ടില്ല. മസ്റ്റർറോളിൽ തൊഴിലാളികൾ തീയതിവെച്ച് ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്. തീയതിവെച്ച് ഒപ്പിടാത്ത മസ്റ്റർറോളുകൾ അസാധുവാണ്.
3. ബാങ്ക് അക്കൗണ്ട് : മാർഗ്ഗരേഖ പ്രകാരം ഗുണഭോക്തൃസമിതിയുടെ പണമിടപ്പാടുകൾ ചെയർമാന്റെയും കൺവീനറുടെയും പേരിലുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് വഴി ആയിരിക്കണം. എന്നാൽ ഓഡിറ്റിന് സമർപ്പിച്ച ഗുണഭോക്തൃസമിതി വർക്കുകളുടെ ഫയലുകളിൽ ഒന്നും ബാങ്ക് അക്കൗണ്ടിന്റെ രേഖയില്ല (ബാങ്ക് പാസ്സ് ബുക്ക് ).
4. വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല.
5. ദൈനന്ദിന ഡയറി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
6. വൗച്ചറുകളിൽ ചെയർമാൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 2 തീയതി 10.12.18 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികൾ രേഖകളുടെയും , രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് - ശ്രദ്ധയിൽപ്പെട്ട അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവഹണോദ്യോഗസ്ഥനായ അസി.എഞ്ചിനീയർ രജിസ്റ്ററുകളും, ഫയലുകളും സൂക്ഷിക്കുന്നതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു .

1)ടി.ആർ 7 A ക്യാഷ്ബുക്ക് ,പ്രോജക്ട് രജിസ്റ്റർ ,ചെക്ക് ഇഷ്യൂ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.റോഡ് രജിസ്റ്റർ, കണക്ടിവിറ്റി മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3) ടെണ്ടർ ഫോറം സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

4) കൺവീനർമാർ മുഖേന നടപ്പാക്കിയ പ്രവൃത്തികളുടെ ഫയലുകളിൽ കൺവീനറുടെ ചെലവ് രേഖകൾ വെച്ചിട്ടില്ല.മിനുട്സ് ക്ലോസ്സ് ചെയ്തിട്ടില്ല.വരവുചെലവുകണക്കുകൾ അംഗീകരിച്ചിട്ടില്ല.വർക്ക് ഫയലുകളിൽ നോട്ട് ഫയൽ സൂക്ഷിച്ചിട്ടില്ല.

5)ഫയലിന് പേജ് നമ്പർ നൽകിയിട്ടില്ല. ഫയലിൽ പല പ്രവൃത്തികളുടെയും ടെണ്ടർ നോട്ടീസ് ഇല്ല. റീടെണ്ടറുകൾ നടത്തിയവയുടെ കാര്യത്തിൽ മുമ്പ് നടത്തിയ ടെണ്ടറിന്റെ വിവരമില്ല. സെലക്ഷൻ നോട്ടീസിലും വർക്ക് ഓഡറിലും, സൈറ്റ് കൈമാറിയതിന്റെ കൈപ്പറ്റ് രേഖയിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

6) ടെണ്ടർ ഫോറങ്ങളിൽ പലതിലും ടെണ്ടർ തുറന്ന ഉദ്യോഗസ്ഥന്റെ ഒപ്പ് രേഖപ്പെടുത്തുകയോ, തിരുത്തലുകളുടെ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

7) പല പ്രവൃത്തികളുടെയും കരാറുടമ്പടിയുടെ എല്ലാ പേജുകളിലും ഒപ്പ് വച്ചിട്ടില്ല.എഗ്രിമെന്റ് വ്യവസ്ഥകൾ എഴുതി പൂർത്തീകരിച്ചിട്ടില്ല

8) പല പ്രവൃത്തികളുടെയും അളവ് പുസ്തകത്തിലും വർക്ക് ബില്ലിലും മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥൻ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

9) അളവ് പുസ്തകത്തിൽ പേയ്മെന്റിന്റെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

10) പൊതുമരാമത്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ കൃത്യമായ വിവരങ്ങളില്ല. വർക്കിംഗ് ഗ്രൂപ്പ് മിനിട്ടസ് ബുക്കിൽ പ്രോജക്ട് രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച് തീരുമാനങ്ങളോന്നും രേഖപ്പെടുത്തി കാണുന്നില്ല.

11)തൻവർഷം സ്പിൽ ഓവർ പ്രോജക്ടുകൾ അടക്കം 315 പ്രോജക്ടുകളാണ് തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുള്ളത്. ഇതിൽ എല്ലാ നടപ്പാക്കാൻ സാധിച്ചിട്ടില്ല . മരാമത്ത് പ്രവൃത്തികൾക്ക് വൻ തുക വകയിരുത്തുകയും എന്നാൽ പ്രോജക്ട് കൃത്യമായി നടപ്പിലാക്കുകയും ചെയ്യാത്തതിനാൽ ഫണ്ട് ലാപ്സായിട്ടുണ്ട്.

12.ചെറിയ ചെറിയ തുകകൾ വകയിരുത്തി ധാരാളം പ്രവൃത്തികൾ ആസൂത്രണം ചെയ്യുന്നതിനാലാണ് എല്ലാ പ്രവൃത്തികളും നടപ്പാക്കാൻ സാധിക്കാത്തത്.

രേഖകൾ കൃത്യമായി സൂക്ഷിക്കാത്തത് പദ്ധതി രൂപീകരണത്തിലെയും നിർവ്വഹണത്തിലെയും പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു. ഒരു വർഷം നടപ്പിലാക്കാൻ കഴിയുന്നതിലും അധികമായി പൊതുമരാമത്ത് പ്രവൃത്തി പ്രോജക്ടുകളുടെ എണ്ണം കൂട്ടുന്നത് ഫണ്ട് ലാപ്സാകുന്നതിന് ഇടവരുത്തുന്നുണ്ട് . എന്നതു മാത്രമല്ല എഞ്ചിനീയറിംഗ് വിഭാഗത്തിന് പ്രവൃത്തികളുടെ മേൽ നോട്ടം വഹിക്കുന്നതിലുള്ള വീഴ്ചയും ഇടയാക്കാം. പഞ്ചായത്തിൽ നിലവിലുള്ള സാങ്കേതിക ഉദ്യോഗസ്ഥർക്ക് ശരിയായ രീതിയിൽ മേൽനോട്ടം വഹിച്ച് നടപ്പിലാക്കാൻ സാധിക്കുന്ന വിധം പ്രോജക്ടുകളുടെ എണ്ണം പരിമിതപ്പെടുത്തിയില്ലെങ്കിൽ പ്രവൃത്തികളുടെ ഗുണമേൻമ നഷ്ടപ്പെടുന്നതിനും ഗ്രാമപഞ്ചായത്തിന് ധനനഷ്ടത്തിനും ഇടയാക്കും. വാർഡുതലത്തിൽ ഫണ്ട് വിഭജനം ഒഴിവാക്കി മുഴുവൻ പ്രവൃത്തികളും ചെയ്യത്തക്കവിധം വലിയ പ്രോജക്ടുകൾ നടപ്പിലാക്കുക വഴി മേൽപറഞ്ഞ പോരായ്മ പരിഹരിക്കാവുന്നതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 4തീയതി 10.12.18,ഓഡിറ്റ് എൻക്വയറി നമ്പർ 39തീയതി 21.12.18 പ്രകാരം വിഷയം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിലേക്ക് അധികൃതരുടെ ശ്രദ്ധ ക്ഷണിക്കുന്നു. .

## 3-7 കൺസോളിഡേഷൻ കുറക്കാത്തതിനാൽ അധികച്ചെലവ്

ഓഡിറ്റ് വർഷം നടപ്പാക്കിയ താഴെപ്പറയുന്ന പ്രവൃത്തികളിൽല് മണ്ണ് കൊണ്ടുവന്നുനിറച്ചതിന് കൺസോളിഡേഷൻ കുറവ് വരുത്തിയിട്ടില്ലാത്തതിനാൽ അധികച്ചെലവ് വന്നിട്ടുണ്ട്.പദ്ധതികളുടെ നിർവഹണോദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ആണ്. മണ്ണ് നിറക്കുന്ന പ്രവൃത്തിയിൽ കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ വോള്യം 1 സെക്ഷൻ 4.5 (ബി)(വി)(ഐ)പ്രകാരം കൺസോളിഡേഷനായി 20% കുറവ് ചെയ്യേണ്ടതായിരുന്നു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ട് | ചെന്നലോട് മെലമ്പിലക്കുന്ന് കോളനി നടപ്പാത നിർമ്മാണം |

| | |
|---|---|
| പ്രോജക്ട് നമ്പർ | 199/18 |
| അളവുപുസ്തകം-178/16-17 | പേജ് 1 -4, |
| കൺവീനർ | അബൂബക്കർ |
| വൗച്ചർനം./തീയതി | 22/17-18/26.7.17 |
| ചെലവഴിച്ച തുക | ₹112563 |
| ഒന്നാമത്തെ ഇനമായി കൊണ്ടുവന്ന നിറച്ച മണ്ണിന്റെ അളവ് | 489.725 ഘന മീറ്റർ |
| കൺസോളിഡേഷനായി കുറക്കേണ്ടത് (489.725*20/100) | 97.94 ഘന മീറ്റർ |
| കുറച്ചതിന് ശേഷമുള്ള അളവ് | 391.785ഘന മീറ്റർ |
| നൽകാവുന്ന തുക (ഘനമീറ്ററിന് ₹235.54 പ്രകാരം) | 92281 |
| നൽകിയ തുക | 115350 |
| അധികം നൽകിയത് | 23069 |

2

| | |
|---|---|
| പ്രോജക്ട് | കേഴയാട്ട് കുന്ന് കിണർ പ്രവൃത്തി |
| അളവുപുസ്തകം-170/17-18 | പേജുകൾ 1-3 |
| വൗച്ചർനം./തീയതി | 202/17-18 /31.3.18 |
| ചെലവഴിച്ച തുക | ₹ 9896 |
| കൊണ്ടുവന്ന നിറച്ച | 38.434 ഘന മീറ്റർ |

| | |
|---|---|
| മണ്ണിന്റെ അളവ് | |
| കൺസോളിഡേഷനായി കുറക്കേണ്ടത് (38.434*20/100) | 7.68ഘന മീറ്റർ |
| കുറച്ചതിന് ശേഷമുള്ള അളവ് | 30.754ഘന മീറ്റർ |
| നൽകാവുന്ന തുക (ഘനമീറ്ററിന് ₹257.48 പ്രകാരം) | 7919 |
| നൽകിയ തുക | 9896 |
| അധികം നൽകിയത് | 1977 |

3.

| | |
|---|---|
| പ്രോജക്ട് | മുരിക്കുംപാടി കോളനി ഫുട്പാത്ത് നിർമ്മാണം |
| പ്രോജക്ട് നമ്പർ | 48/17 |
| അളവുപുസ്തകം- 221/16-17, | പേജുകൾ 1-13 |
| വൗച്ചർനം./തീയതി | 9/17-18/26.7.17 |
| ചെലവഴിച്ച തുക | ₹ 480000 |
| കൊണ്ടുവന്ന നിറച്ച മണ്ണിന്റെ അളവ് | 127.5 ഘന മീറ്റർ |
| സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 36.519 |
| സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറച്ചതിന് ശേഷം ബാക്കി | 90.981 |
| കൺസോളിഡേഷനായി കുറക്കേണ്ടത് (90.981*20/100) | 18.19ഘന മീറ്റർ |

| | |
|---|---|
| കുറച്ചതിന് ശേഷമുള്ള അളവ് | 72.791ഘന മീറ്റർ |
| നൽകാവുന്ന തുക (ഘനമീറ്ററിന് 235.54 പ്രകാരം) | 17145 |
| നൽകിയ തുക | 21430 |
| അധികം നൽകിയത് | 4285 |

4

| | |
|---|---|
| പ്രോജക്ട് | എടക്കാടൻമുക്ക് പന്തിപ്പൊയിൽസൈഡ് കെട്ട് |
| പ്രോജക്ട് നമ്പർ | 268/18 |
| അളവുപുസ്തകം-265/16-17 | പേജ് 1 -18 |
| വൗച്ചർനം./തീയതി | 98/17-18/29.10.17 |
| ചെലവഴിച്ച തുക | ₹244999 |
| കൊണ്ടുവന്ന നിറച്ച മണ്ണിന്റെ അളവ് | 78.75 ഘന മീറ്റർ |
| സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് | 17.64 ഘന മീറ്റർ |
| സൈറ്റിൽ ലഭ്യമായ മണ്ണിന്റെ അളവ് കുറച്ചതിന് ശേഷം ബാക്കി | 61.11 |
| കൺസോളിഡേഷനായി കുറക്കേണ്ടത് (61.11*20/100) | 12.22ഘന മീറ്റർ |
| കുറച്ചതിന് ശേഷമുള്ള അളവ് | 48.89ഘന മീറ്റർ |
| നൽകാവുന്ന തുക (ഘനമീറ്ററിന് 262.17 പ്രകാരം) | 12817.49 |

| | |
|---|---|
| നൽകിയ തുക | 16516.71 |
| അധികം നൽകിയത് | 3699 |

അധികം നൽകിയ 33030രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-8 ഗുണഭോക്തൃസമിതി പ്രവൃത്തികൾ -കൺവീനറുടെ ചെലവുരേഖകൾ ഇല്ലാതെ തുക അനുവദിച്ചു.

1999 ലെ ഗുണഭോക്തൃസമിതി മാർഗ്ഗരേഖപ്രകാരം ഗുണഭോക്തൃസമിതികൾ മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ ചെയ്ത പ്രവൃത്തിമൂല്യമോ ,ഗുണഭോക്തൃകമ്മിറ്റി അംഗീകരിച്ച കൺവീനറുടെ രേഖകൾ പ്രകാരമുള്ള ചെലവോ ഏതാണോ കുറവ് ആ തുകയാണ് കൺവീനർക്ക് അനുവദിക്കേണ്ടത് താഴെപ്പറയുന്ന ഗുണഭോക്തൃസമിതി പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കൺവീനറുടെ ചെലവ് രേഖകളെക്കാൾ അധികം തുക അനുവദിക്കുകയോ / ചെലവ് രേഖകൾ കൂടാതെ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.

വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ | അടങ്കൽ ഫണ്ട് | പ്രോജക്ട് | ചെലവ് തുക | കൺവീനർ | വൌച്ചർ നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 194/18 | 40,869/- വികസന ഫണ്ട് | ചെമ്പകമൂല അങ്കണവാടിക്ക് ക്ലസ് നിർമ്മാണവും അങ്കണവാടി പെയിന്റിംഗും | 23824 | രത്നാകരൻ | 20/17-18 /26.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 2 | 305/18 | 50,000/- വികസന ഫണ്ട് ടി.എസ്.പി | ചൽക്കാര കിണർ നിർമ്മാണം | 182106 | മുഹമ്മദ് കുനിയൻ | 137/17-18 /24.2.18 138/17-18 /24.2.18 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 3 | 241/18 | 1,50,000/- ധനകാര്യ കമ്മീഷൻ | 16-)ംമൈൽ അങ്കണവാടിക്ക് ക്ലസ്,ചുറ്റുമതിൽ പെയിന്റിംഗ് | 120354 | ശിവദാസൻ, കരുക്കിൽ | 18/17-18 /26.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 4 | 341/17-18 | 1,00,000/- തനത് ഫണ്ട് | കണ്ണോത്ത് കുന്ന് എസ്.ടി കോളനി കുടിവെള്ളപദ്ധതി | 100000 | നിർമ്മല | 68/17-18 /31.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 5 | 181/17 | 1,00,000/- വികസന ഫണ്ട് | പുതുക്കോട്ടക്കുന്ന് കുന്ന് എസ്.ടി. കോളനി സൈഡ് കെട്ട് | 100000 | ശരത് | 30/17-18 /26.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 6 | 170/17 | 4,00,000/- മെയിന്റനൻസ് ഫണ്ട് | ചുള്ളിയാണ വേങ്ങേരിക്കുന്ന് കക്കടവ് റോഡിന്റെ കലുങ്ക് | 400000 | സെബാസ്റ്റ്യൻ | 36/17-18 /26.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 7 | 102/17 | 4,00,000/- ധനകാര്യ കമ്മീഷൻ | പകൽവീടിന് പ്ലംബിംഗ്, മോട്ടോർ, ടാങ്ക് | 39000 | ലൂക്ക.ടി. | 102/17 /16.1.18 | കൺവീനറുടെ ചെലവ്,രേഖകൾ പ്രകാരം 5000/- രൂപ മാത്രമേ കാണുന്നുള്ളൂ. കൺവീനർക്ക് നൽകിയത് 36981 രൂപ |
| 8 | 277/18 | 1,25,000/- മെയിന്റനൻസ് | ഗോശാല റോഡ് കൾവർട്ട് | 116882 | ലിമേഷ് | 12/17-18 /19.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു |

| | | | | | | | |
|---|---|---|---|---|---|---|---|
| | | ഫണ്ട് , റോഡ് | | | | | രേഖകളും<br>ഫയലിൽ ഇല്ല |
| 9 | 193/18 | 4,00,000/-<br>തനത് ഫണ്ട് | മക്കോട്ട് കളം നിർമ്മാണം | 400000 | അഷറഫ് | 16/17-18<br>/19.7.17 | കൺവീനർക്ക്<br>നൽകിയത്<br>369810<br>രേഖകൾ<br>പ്രകാരം<br>ചെലവ്-357940 |
| 10 | 302/18 | 2,00,000/-<br>ധനകാര്യ<br>കമ്മീഷൻ | ഹോമിയോ<br>ആശുപത്രി<br>ഹാൾ<br>സീലിംഗ് | 180208 | സാലി തോമസ് | 119/<br>17-18/16.1.18 | കൺവീനറുടെ ചെലവ്<br>സംബന്ധിച്ച യാതൊരു<br>രേഖകളും<br>ഫയലിൽ ഇല്ല |
| 11 | 87/18 | 1,50,000/-<br>മെയിന്റനൻസ്<br>ഗ്രാന്റ്<br>റോഡിതരം | ഗ്രാമകേന്ദ്രം<br>നവീകരണം | 143962 | പി.ടി.സ്കറിയ | 31/17-18<br>/26.7.17 | കൺവീനറുടെ ചെലവ്<br>സംബന്ധിച്ച യാതൊരു<br>രേഖകളും<br>ഫയലിൽ ഇല്ല |
| 12 | 106/17 | 2,00,000/-<br>മെയിന്റനൻസ്<br>ഗ്രാന്റ്<br>റോഡിതരം | പടിഞ്ഞാറത്തറ<br>പി.എച്ച്.സി.<br>റിപ്പയർ<br>& ടൈലിംഗ് | 192903 | കെ.എം.<br>രാഘവൻ | 118/17-18<br>/16.1.18 | കൺവീനറുടെ ചെലവ്<br>സംബന്ധിച്ച യാതൊരു<br>രേഖകളും<br>ഫയലിൽ ഇല്ല |
| 13 | 312/18 | 2,00,000/-<br>വികസനഫണ്ട് | മുണ്ടക്കുറ്റി ബാങ്ക്<br>കുന്ന് റോഡ്<br>സൈഡ്<br>സംരക്ഷണം | 162808 | കെ.എം.<br>രാഘവൻ | 115/17-18<br>/16.1.18<br>-₹147,712/-<br>116/17-18<br>/16.1.18<br>-₹15,096/- | കൺവീനറുടെ ചെലവ്<br>സംബന്ധിച്ച യാതൊരു<br>രേഖകളും<br>ഫയലിൽ ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | 144/17 | 3,00,000/- വികസനഫണ്ട് | പുലിക്കാട്ട് പടി റോഡ് സൈഡ് കെട്ട് | 266842 | മുരളീധരൻ | 114/17-18 /16.1.18 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 15 | 104/17 | 1,50,000/- വികസനഫണ്ട് | റഹ്മാനിയപള്ളി ടീച്ചർമുക്ക് റോഡ്സൈഡ് കെട്ട് | 146561 | മമ്മൂട്ടി , കളത്തിൽ | 58/17-18 /22.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 16 | 195/17 | 50,000/- തനത്ഫണ്ട് | മക്കോട്ട് കുന്ന് കമ്മ്യൂണിറ്റി ഹാൾ നവീകരണം | 41441 | ബിന്ദു. മക്കോട്ടുകുന്ന് | 57/17-18 /22.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 17 | 159/17 | 50,000/- തനത്ഫണ്ട് | ചെമ്പകച്ചാൽ റോഡിൽ നടപ്പാലം | 48009 | എം.വി. സുകുമാരൻ | 72/17-18 /19.8.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 18 | 153/17 | 3,50,000/- മെ.ഫണ്ട് റോഡിതരം | മുറിപ്പുഴ- നെല്ലിക്കൽപ്പടി സൈഡ് കെട്ട് | 350000 | അബ്ദുൾ ഹക്കിം | 60/17-18 /22.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 19 | 146/17 | 4,00,000/- മെ.ഫണ്ട് റോഡിതരം | ചെമ്പകമൂല അമ്പലപ്പടി പുഞ്ചമൂട്ടിൽ റോഡ് സൈഡ് കെട്ട് | 400000 | രത്നാകരൻ | 61/17-18 /22.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 20 | 196/18 | 2,00,000/- വികസനഫണ്ട് | പേരാൽ സ്കൂളിന് കിണർ | 190858 | മൊയ്തു | 21/17-18 /26.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 21 | 236/18 | 1,50,000/-<br>മെ.ഫണ്ട്<br>റോഡിതരം | നെല്ലിക്കൽ<br>കാട്ടിക്കുനി<br>റോഡ്<br>സൈഡ്<br>സംരക്ഷണം | 136758 | സിമിൽകുമാർ<br>നമ്പൂതിരി | 196/17-18<br>/26.3.18 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 22 | 252/17 | 2,00,000/-<br>മെ.ഫണ്ട്<br>റോഡിതരം | സ്റ്റേഡിയം<br>പുതിയാമ്മൽ<br>റോഡ്<br>കയറ്റം<br>കോൺക്രീറ്റിംഗ് | 200000 | അബ്ദുറഹിമാൻ | 65/17-18<br>/31.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 23 | 246/18 | 1,50,000/-<br>വികസനഫണ്ട് | അത്തിക്കൽ<br>എസ്.ടി.<br>കോളനി<br>നടപ്പാത<br>കോൺക്രീറ്റ് | 150000 | സി.സുലൈമാൻ | 73/17-18<br>/19.8.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 24 | 281/18 | 1,00,000/-<br>മെ.ഫണ്ട്<br>റോഡിതരം | കുന്നത്തുംകര<br>നടപ്പാത<br>കോൺക്രീറ്റ് | 100000 | സി.സുലൈമാൻ | 74/17-18<br>/19.8.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 25 | 308/18 | 1,00,000/-<br>വികസനഫണ്ട് | മുരിക്കുംപടി<br>നെല്ലിക്കൽകുന്ന്<br>കോളനി<br>കുടിവെള്ള<br>പദ്ധതി | 100000 | രാമൻ | 75/17-18<br>/19.8.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 26 | 212/18 | 2,00,000/-<br>ധനകാര്യ<br>കമ്മീഷൻ | ഐ.സി.ഡി.പി.<br>സബ്സെന്റർ<br>പൂർത്തീകരണം | 193013 | ദേവദാസ്<br>പടിഞ്ഞാറത്തറ | 56/17-18<br>/22.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| 27 | 155/17 | 2,50,000/-<br>വികസന ഫണ്ട് | വാളയാണക്കുന്ന് റോഡ് സൈഡ് കെട്ട് | 250000 | ഗീത വിജയൻ | 24/17-18 /26.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 28 | 284/17 | 1,00,000/-<br>വികസന ഫണ്ട് | പഞ്ചായത്ത് ഓഫീസ് നവീകരണ പ്രവൃത്തികളുടെ പൂർത്തീകരണം | 96649 | ഉസ്മാൻ | 2/17-18 /19.7.17 | കൺവീനറുടെ ചെലവ് സംബന്ധിച്ച യാതൊരു രേഖകളും ഫയലിൽ ഇല്ല |
| 29 | 220/17 | 1,00,000/-<br>മെ.ഫണ്ട് | കല്ലുവെട്ടുംതാഴെ അങ്കണവാടിക്ക് ഷീറ്റിടൽ | 97003 | ശംഭുനമ്പ്യാർ | 4/17-18 /19.7.17 | കൺവീനറുടെ ചെലവുകൾ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ചെലവ് വന്നത് ₹ 70748 ആണ്.എന്നാൽ കൺവീനർക്ക് അനുവദിച്ചിരിക്കുന്നത് ₹ 89682 ആണ്. |
| ആകെ | | | | 4929181 | | | |

കൺവീനറുടെ ചെലവ് രേഖകൾ പരിശോധിക്കാതെ തുക അനുവദിച്ചത് ശരിയല്ല.1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് )ചട്ടങ്ങൾ ,ചട്ടം 13 പ്രകാരം പണിക്കുപയോഗിച്ച് നിർമ്മാണ സാധനങ്ങളുടെ തരവും അളവും വിലയും കൺവീനർ എഴുതി സൂക്ഷിച്ച് സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതായിരുന്നു. പ്രവൃത്തി പൂർത്തിയായാലുടൻ വരവ് – ചെലവ് കണക്ക് പുസ്തകം ,വൗച്ചറുകൾ ,മസ്റ്റർ റോളുകൾ , മിനിട്സ് ബുക്ക് എന്നിവ പഞ്ചായത്തിൽ ഹാജരാക്കേണ്ടതും അവ കൂടി പരിശോധിച്ചതിനു ശേഷമേ ഫൈനൽ തുക നല്കാവൂ എന്ന ഗുണഭോക്തൃസമിതി മാരഗ്ഗരേഖയുടെ ലംഘനമായി ഇതിനെ കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ( നമ്പർ 3തീയതി 10.12.18,ഓഡിറ്റ് എൻക്വയറി നമ്പർ 11തീയതി 13.12.18,ഓഡിറ്റ് എൻക്വയറി നമ്പർ 25തീയതി 18.12.18) കൾ എന്നിവ പ്രകാരം കൺവീനറുടെ ചെലവുരേഖകൾ ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. രേഖകൾ, വിശദമായ മറുപടി എന്നിവ ലഭ്യമാക്കേണ്ടതാണ്. 4929181രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ വിശദമായ മറുപടി എന്നിവ ലഭ്യമാക്കേണ്ടതാണ്.

## 3-9 പഞ്ചായത്ത് ഓഫീസ് കെട്ടിടം എക്സ്റ്റെൻഷൻ പ്രവൃത്തി പൂർത്തീകരിച്ചില്ല

പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് എക്സ്റ്റെൻഷൻ കെട്ടിടം പണിയുന്നതിന് വേണ്ടി പ്രോജക്ട് തയ്യാറാക്കി നടപ്പാക്കിയെങ്കിലും കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ-317/18

പ്രോജക്ടിന്റെ പേര് – പഞ്ചായത്ത് ഓഫീസ് കെട്ടിടം എക്സ്റ്റെൻഷൻ.
ഫണ്ട്-ലോക ബാങ്ക് സഹായം.

നിർവഹണം-അസി.എഞ്ചിനീയർ

അടങ്കൽ- ₹ 3964005/- ( ലോകബാങ്ക് ധനസഹായം )

ചെലവഴിച്ച തുക - ₹3093692/-

വൌച്ചർ നമ്പർ-90/17-18/29.10.17 , 91/17-18/29.10.17

തയ്യാറാക്കിയ എസ്റ്റിമേറ്റ് പഞ്ചായത്തിനുവേണ്ടി ഒരു പുതിയ ബ്ലോക്ക് പണിയുന്നതിനായിരുന്നു. മൺപണി ,കോൺക്രീറ്റ് ,ലാറ്ററൈറ്റ് മേസണറി, പ്ലാസ്റ്ററിംഗ്,ഭിത്തിയിലും നിലത്തും ടൈൽ പതിപ്പിക്കുക,ടോയ് ലെറ്റുകൾ, വാഷ് ബേസിൻ , അലൂമിനിയം പാനലിംഗ്,വാതിലുകൾ ,ജനലുകൾ ,ഹാൻഡ്റെയിൽസ് എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പ്രവൃത്തികൾ .

പ്രവൃത്തി ഇ ടെണ്ടർ നടത്തിയതിൽ ശ്രീ.ഒ.കെ.ഷാജു.എന്ന കരാറുകാരൻ 3094608.44 രൂപക്ക് പ്രവൃത്തി ഏറ്റെടുത്ത് AE/LSGD/PP/153/16-17/30/03/17 പ്രകാരം എഗ്രിമെന്റ് വെച്ചു. ഫൈനൽ ബിൽ പ്രകാരം നികുതികൾ കുറച്ച് ₹ 29,08,070/- കരാറുകാരന് നൽകി.

15.12.18 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം കോൺക്രീറ്റ് ചെയ്തു, കുറച്ചുഭാഗം പ്ലാസ്റ്ററിംഗ് നടത്തിയതായും കണ്ടു. അളവുപുസ്തകത്തിൽ പ്രസ്തുത പ്രവൃത്തിയുടെ അളവുകളായി രേഖപ്പെടുത്തിയിരിക്കുന്ന അളവുകൾ പഞ്ചായത്ത് കംഫോർട്ട് സ്റ്റേഷൻ പൂർത്തീകരിച്ചതിന്റെ കൂടി ആണെന്നും എസ്റ്റിമേറ്റ് പിന്നീട് റിവൈസ് ചെയ്തുവെന്നും ചില ഇനങ്ങൾ കൂടുതൽ ചെയ്തതായും ചില ഇനങ്ങൾ ഒഴിവാക്കിയതായും കണ്ടു. അതായത് കോൺട്രാക്ടർ ചെയ്ത പ്രവൃത്തിക്കനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി തുക അനുവദിക്കുകയാണ് ചെയ്തത്.

പ്രോജ്ക്ട് തയ്യാറാക്കിയപ്പോഴോ , എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോഴോ കംഫോർട്ട് സ്റ്റേഷൻ പുനരുദ്ധാരണം ഉൾപ്പെട്ടിരുന്നില്ല.എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നത് സംബന്ധിച്ച് കരാറുകാരൻ അസി.എഞ്ചിനീയറെയോ ഭരണസമിതിയെയോ അറിയിച്ചിട്ടില്ല.കരാർവെച്ച് വർക്ക് ഏറ്റെടുത്തതിനുശേഷം എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിന്റെ കാരണം വ്യക്തമല്ല.കെട്ടിടം പണിയുന്നതിന് തയ്യാറാക്കിയ പ്ലാൻ കെട്ടിടനിർമ്മാണചട്ടങ്ങൾപാലിക്കുന്നുവെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കെട്ടിടം പകുതി പണിത രീതിയിൽ അവശേഷിക്കുന്നതിനും ബില്ലിൽ കംഫോർട്ട് സ്റ്റേഷൻ പുനരുദ്ധാരണഇനങ്ങളുടെ തുക അനുവദിച്ചതിനും എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനും ഓഡിറ്റ് എൻക്വയറി നമ്പർ 19തീയതി 18.12.18 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല.പൂർണ്ണമായ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് .

## 3-10 ബിറ്റുമിൻ വാങ്ങുന്നതിന് തുക പിൻവലിച്ചത് - പൂർണമായും വിനിയോഗിച്ചില്ല.

2017-18 വർഷം 17 റോഡ് ടാറിംഗ് പ്രവൃത്തികൾക്കായി ടാർ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്.പഞ്ചായത്ത് സെക്രട്ടറി ആണ് ബിറ്റുമിൻ വാങ്ങി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയത്. ഓഡിറ്റിന് ഹാജരാക്കിയ ഇൻവോയിസുകൾ പ്രകാരം വാങ്ങിയ ബിറ്റുമിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഇനം | അളവ്(ബാരൽ) | വില |
|---|---|---|---|
| 1 | VG 30 | 190 | ₹999601 |
| 2 | SS1 | 30 | ₹ 312893 |
| 3 | RS1 | 18 | ₹ 129094 |
| | ആകെ | | ₹ 1441588 |

ബിൽ രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന തുകകൾ ബിറ്റുമിൻ വാങ്ങുന്നതിന് പിൻവലിച്ചിട്ടുണ്ട്.

വൌച്ചർ നമ്പർ-51700065/12.4.17-4,93,600/- രൂപ

വൌച്ചർ നമ്പർ-51700066/12.4.17-10,63,688/- രൂപ

ആകെ - 15,57,288/- രൂപ

മേൽപ്പടി പിൻവലിച്ച വൌച്ചറുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇൻവോയിസ് പ്രകാരം പിൻവലിച്ച മുഴുവൻ തുകയ്ക്കും ടാർ വാങ്ങിയിട്ടില്ല. ഇത്ര രൂപയുടെ ടാർ വാങ്ങിയതായി കാണുന്നില്ല. ബിൽ രജിസ്റ്റർ പ്രകാരം പിൻവലിച്ച തുകയും ടാർ വാങ്ങിയ ഇൻവോയിസുകളും പരിശോധിച്ചതിൽ 1,15,700/- രൂപ അധികം നൽകിയതായിക്കാണുന്നു.

17 പ്രവൃത്തികൾക്ക് ടാർ വിതരണം നൽകിയതിൽ 15 പ്രവൃത്തിയുടെ ബില്ലുകൾ ആണ് ഓഡിറ്റിന് ഹാജരാക്കിയത്.ബിറ്റുമിൻ നൽകിയ രണ്ട് പ്രവൃത്തികളുടെ ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ടാർ നൽകിയെങ്കിലും പണി നടന്നോ എന്ന് വ്യക്തമല്ല.ബില്ലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

| ക്രമനമ്പർ | പ്രവൃത്തി | നൽകിയ ബിറ്റുമിൻ | | |
|---|---|---|---|---|
| | | VG30 | RS1 | SS1 |
| 1 | കിരാതമൂർത്തി അമ്പലം റോഡ് | 3.5 | 0.5 | 1.4 |
| 2 | 13-ാം മൈൽ മഞ്ഞൂറ റോഡ് | 35 | 3 | 0 |

കൂടാതെ ബിറ്റുമിൻവിലയും കടത്തുകൂലിയും ബില്ലിൽ നിന്നും തിരികെ ഈടാക്കിയത് അസി.എഞ്ചിനീയറുടെ സ്പെഷ്യൽ ടി.എസ്.ബി.അക്കൌണ്ടിൽ ആണ് സൂക്ഷിച്ചിരിക്കുന്നത്.പഞ്ചായത്ത് സെക്രട്ടറി ആണ് ബിറ്റുമിൻ വാങ്ങി അസിസ്റ്റന്റ് എഞ്ചിനീയർക്ക് കൈമാറിയത് എന്നിരിക്കെ പഞ്ചായത്തിൽ തുക തിരികെ അടക്കേണ്ടതായിരുന്നു.അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൌണ്ട് സ്റ്റേറ്റ്മെന്റോ നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങളോ ഓഡിറ്റിന് ഹാജരാക്കിയിട്ടുമില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 41തീയതി 22.12.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല..അധികം നൽകിയ 1,15,700/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. സെക്രട്ടറി ടാർ വാങ്ങുന്നതിന് തുക നൽകിയതിനാൽ അധികം നൽകിയ തുക സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ് . ബാക്കി തുക പഞ്ചായത്ത് അക്കൌണ്ടിൽ വരവ് വെക്കാത്തതിനാൽ 14,41,588/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 പകൽവീടിന് ഭൗതികസാഹചര്യം ഒരുക്കൽ-തുക പാഴായി

തൻവർഷം പകൽവീടിന് ഭൗതികസാഹചര്യം ഒരുക്കുന്ന പ്രോജക്ട് പ്രകാരം 40,361/- രൂപ ചെലവഴിച്ചത് ഉപയോഗക്ഷമമായില്ല .

പ്രോജക്ട് നമ്പർ- 380/18

പ്രോജക്ടിന്റെ പേര് – ചേര്യംകൊല്ലി പകൽവീടിന് ഭൗതികസാഹചര്യം ഒരുക്കൽ.

നിർവഹണം-അസി.എഞ്ചിനീയർ
ഫണ്ട്-വികസന ഫണ്ട് പൊതുവിഭാഗം.

അടങ്കൽ- ₹ 50000 ( വികസനഫണ്ട് പൊതുവിഭാഗം )

ചെലവഴിച്ച തുക - ₹ 40161/-

വൌച്ചർ നമ്പർ-157/17-18/ 23.3.18

നിലവിലുള്ള പകൽവീടിന്റെ സെല്ലാർ ഭാഗത്ത് ഒരു റൂം നിർമ്മിക്കുക എന്നതാണ് പ്രോജക്ട് വിഭാവനം ചെയ്തത്.

18.12.18 ന് നടത്തിയ സ്ഥലപരിശോധനയിൽ പകൽവീട് പ്രവർത്തിക്കുന്നുണ്ട്. സെല്ലാർഭാഗത്ത് ഒരു റൂം hollowbricks ഉപയോഗിച്ച് കെട്ടിയിട്ടുണ്ട്. പ്രസ്തുത റൂം പ്ലാസ്റ്ററിംഗ് ചെയ്തിട്ടില്ല. തറ ഭാഗം ചെളി നിറഞ്ഞ് കിടക്കുന്നു. ആ റൂം നിലവിൽ ഉപയോഗയോഗ്യമല്ല എന്ന് ബോധ്യപ്പെട്ടു. നിലവിൽ ചെലവഴിച്ച തുക ഉപയോഗശൂന്യമാണ്. ഓഡിറ്റ് എൻക്വയറി നമ്പർ 31തീയതി 21.12.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. 40161/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രവൃത്തി പൂർത്തികരിച്ച് പകൽവീട് ഉപയോഗപ്രദമാക്കി അറിയിക്കേണ്ടതാണ്.

## 3-12 പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് കെട്ടിടം ഉപയോഗക്ഷമമല്ല

തൻവർഷം പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന് വേണ്ടി കെട്ടിടം പണിതുവെങ്കിലും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റ് നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

പ്രോജക്ട് നമ്പർ- 224/18

പ്രോജക്ടിന്റെ പേര് -പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന് കെട്ടിടം

നിർവഹണം-അസി.എഞ്ചിനീയർ.
ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്.

അടങ്കൽ- ₹ 400000/- ( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവഴിച്ച തുക - ₹ 400000/-

വൌച്ചർ നമ്പർ-76/17-18/19.8.17

അളവുപുസ്തകം-25/16-17,പേജുകൾ 1-40

കൺവീനർ – റഹ്മാൻ മുളങ്കോടൻ
യൂണിറ്റ് കെട്ടിടത്തിന്റെ നിലവിലെ സ്ഥിതി – 18.12.18 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടം പണിതീർത്തിട്ടുണ്ടെങ്കിലും പ്ലംബിംഗ്, വയറിംഗ് എന്നിവ നടത്തിയിട്ടില്ല. കെട്ടിടത്തിന്റെ തറ കോൺക്രീറ്റ് ചെയ്തിട്ടില്ല. ടോയ്‌ലെറ്റ് പണിതിട്ടില്ല. ബോർഡ് സ്ഥാപിച്ചിട്ടില്ല. കെട്ടിടം നിലവിൽ ഉപയോഗക്ഷമമായ അവസ്ഥയിൽ അല്ല. നിലവിൽ പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന് പ്രവർത്തിക്കാൻ പറ്റുന്ന രീതിയിൽ കെട്ടിടം പണിതിട്ടില്ല. കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് നിലവിൽ പ്രോജക്ട് വെച്ചിട്ടുമില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 32 തീയതി 21.12.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയത്തിന് മറുപടിയായി പ്രസിഡന്റ് പറഞ്ഞത് ആ കെട്ടിടം പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന് അനുയോജ്യമല്ല എന്നാണ്.ആയതിനാൽ ചെലവഴിച്ച തുക

പാഴ്ചെലവായി മാറിയിരിക്കുകയാണ്. വ്യക്തമായ പ്ലാനിംഗ് ഇല്ലാതെ പദ്ധതികൾ തയ്യാറാക്കുക വഴി പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വരുന്നു . വിശദീകരണം ലഭ്യമാക്കേണ്ടതാണ് . 4,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ഇൻകം ടാക്സ് ,കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം എന്നിവ അടവാക്കാൻ പിൻവലിച്ച തുകകളുടെ അടവ് വിവരം ലഭ്യമല്ല.

2017-18 വർഷം താഴെപ്പറയുന്ന തുകകൾ ഇൻകം ടാക്സ്, കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം എന്നിവ അടക്കുന്നതിന് പിൻവലിച്ച താഴെപ്പറയുന്ന തുകകൾ അടച്ച വിവരം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അസിസ്റ്റന്റ് എഞ്ചിനീയറാണ് തുക പിൻവലിച്ചത് .

| ക്രമനമ്പർ | വൌച്ചർ നമ്പർ | പിൻവലിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | 55/16-17 /20.4.17 | 58273 | ഇൻകം ടാക്സ്, വാറ്റ് എന്നിവ അടക്കാൻ പിൻവലിച്ചത് |
| 2 | 59/16-17 /24.4.17 | 17312 | കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതംഅടക്കാൻ പിൻവലിച്ചത് |
| 3 | 51/17-18 /26.7.17 | 17975 | വാറ്റ് അടക്കാൻ പിൻവലിച്ചത് |

തുകകൾ അടച്ച രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്ത പക്ഷം,1997 ലെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ,ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. .ഓഡിറ്റ് എൻക്വയറി നമ്പർ 42തീയതി 22.12.18 വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.93,560/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഒടുക്ക് വിവരം അറിയിക്കേണ്ടതാണ് .

## 3-14 കൺവീനർമാർക്കും കോൺട്രാക്ടർമാർക്കും തുക ട്രാൻസ്ഫർ ചെയ്തതിലെ അപാകങ്ങൾ

2017-18 സാമ്പത്തിക വർഷം വിവിധപ്രവൃത്തികളുടെ കൺവീനർമാർക്കും കോൺട്രാക്ടർമാർക്കും നൽകുന്നതിനുള്ള തുകകൾ സ്പാർക്ക് ബിൽ മുഖേനയാണ് ട്രഷറിയിൽ നൽകിയിരുന്നത്.ട്രഷറിയിൽ നൽകിയ ബില്ലുകളിൽ കൺവീനർമാർക്കും കോൺട്രാക്ടർമാർക്കും നല്കാനുള്ള തുകകൾ അവരുടെ അക്കൌണ്ടുകളിലേക്ക് നൽകുന്നതിന് പകരം , നികുതിയിനങ്ങൾ കുറച്ചുള്ള തുക കാനറാബാങ്ക് പടിഞ്ഞാറത്തറ ബ്രാഞ്ചിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള 0355101022069 -)ാം നമ്പർ അക്കൌണ്ടിലേക്കാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്.ഈ അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ് മെന്റ് പരിശോധിച്ചതിൽ ഈ അക്കൌണ്ടിൽ 1.4.17 ന് ₹ 240547 മുൻബാക്കിയും 15.5.18 ന് ₹ 176348 നീക്കിയിരിപ്പുള്ളതായും കാണുന്നു.ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളിൽ കൺവീനർമാർക്കോ കോൺട്രാക്ടർമാർക്കോ തുക നൽകിയതിന്റെ രശീതുകൾ വെച്ചിട്ടില്ല.കൺവീനർമാർക്കും കോൺട്രാക്ടർമാർക്കും നല്കിയെന്നു പറയുന്ന തുകകൾ പ്രോജക്റ്റിന് വേണ്ടി ആരംഭിച്ച ബാങ്ക് അക്കൌണ്ട്

മുഖേന ചെലവഴിക്കണമെന്നുണ്ടെങ്കിലും അക്കൌണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റോ പാസ്സ് ബുക്കോ ഓഡിറ്റിന് ഹാജരാക്കിയ ഫയലിൽ ഇല്ല.

ഓഡിറ്റിന് ഹാജരാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റിൽ തുകകൾ ഡി.ഡി.ആയി മാറി എന്നമാത്രമാണ് ഉള്ളത്.കൂടാതെ തൻവർഷം ബാങ്ക് ചാർജ്ജ് ആയി ₹ 3576 ബാങ്ക് ഈടാക്കിയിട്ടുമുണ്ട് .16.5.2006 ലെ സർക്കുലർ 21/2006.ധനം പ്രകാരം ഗവൺമെന്റ് ഉദ്ദേശ്യങ്ങൾക്കുള്ള അക്കൌണ്ടിൽ നിന്ന് ബാങ്ക് ചാർജ്ജ് ഈടാക്കാവുന്നതല്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള 0355101022069-ാം നമ്പർ അക്കൌണ്ടിന്റെ ചെക്ക് ഇഷ്യൂ രജിസ്റ്റർ ,ഡി.ഡി. കൺവീനർമാർക്കും കോൺട്രാക്ടർമാർക്കും നല്കിയതിന്റെ കൈപ്പറ്റ് വിവരങ്ങൾ ,കൺവീനർമാരുടേയും കോൺട്രാക്ടർമാരുടേയും അക്കൌണ്ടുകളിൽ തുക ക്രഡിറ്റ് ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നമ്പർ 5തീയതി 11.12.18, ഓഡിറ്റ് എൻക്വയറി നമ്പർ 9തീയതി 13.12.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. ബാങ്ക് ചാർജ്ജ് ആയി ഈടാക്കിയ തുക തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അക്കൌണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ വിശദവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതും തുക സർക്കാരിലേക്ക് തിരികെ അടക്കേണ്ടതുമാണ്.

## 3-15 വാട്ടർ അതോറിറ്റിയിൽ അടക്കുന്നതിന് പിൻവലിച്ച തുകയുടെ വിനിയോഗവിവരം ഇല്ല

വാട്ടർ അതോറിറ്റിയിൽ അടക്കുന്നതിന് പിൻവലിച്ച താഴെപ്പറയുന്ന തുകയുടെ വിനിയോഗം സംബന്ധിച്ച യാതൊരു രേഖകളും ഓഡിറ്റിന് ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ-349/18

പ്രോജക്ടിന്റെ പേര് – പടിഞ്ഞാറത്തറ കുപ്പാടിത്തറ ചേര്യംകൊല്ലി മുണ്ടക്കുറ്റി റോഡ് മുറിക്കുന്നത് പുനസ്ഥാപിക്കുന്നതിന് തുക അടക്കൽ.

നിർവഹണം-അസി.എഞ്ചിനീയർ
അടങ്കൽ – ₹88,499/-( ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

ചെലവഴിച്ച തുക – ₹88,499/-

വൌച്ചർ നമ്പർ-123/17-18/23.1.18

തുക ഇ-ട്രാൻസ്ഫർ മുഖേന വാട്ടർ അതോറിറ്റിയുടെ അക്കൌണ്ടിലേക്ക് അടച്ചതിന്റെ ബിൽ കോപ്പി ഒഴികെ വിനിയോഗവിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.18 തിയ്യതി.18/12/18 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും മറുപടി നൽകാത്ത സാഹചര്യത്തിൽ 88,499/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് .

## 3-16 ടെണ്ടർ ഫോറം വിൽപ്പന-സ്റ്റോക്ക് രജിസ്റ്റർ വെച്ചിട്ടില്ല.

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് പ്രകാരം ടെണ്ടർഫോറം വിൽപന ഇനത്തിൽ 1,34,800/-രൂപ വരവുണ്ട്. കൃത്യത വിലയിരുത്തുന്നതിന് ടെണ്ടർഫോറം രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന, സ്റ്റോക്ക് രജിസ്റ്ററിൽ 9.7.17 ന് 250 ടെണ്ടർ ഫോറങ്ങൾ വാങ്ങിയത് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.ഈ ഫോറങ്ങൾ വിൽപ്പന നടത്തിയിട്ടുണ്ടോ എന്നും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ എത്ര നല്കിയിട്ടുണ്ടെന്നുമുള്ള കണക്കുകൾ ലഭ്യമല്ല. ആയതിനാൽ ടെണ്ടർ ഫോറങ്ങൾ ഏതൊക്കെ കരാറുകാർക്കാണ് വിതരണം ചെയ്തതെന്നും ആയതിന്റെ തുക മുഴുവൻ

പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുണ്ടോ എന്നും ടെണ്ടർ ഫോറം കൈപ്പറ്റിയ എല്ലാ കാരറുകാരും ടെണ്ടർ സമർപ്പിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. ഓഡിറ്റ് എൻക്വയറി നമ്പർ 1 തീയതി 10.12.18 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. വിശദവിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-17 ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ നടപ്പാക്കിയ പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയതിൽ താഴെപ്പറയുന്ന ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല .

| ക്രമനമ്പർ | പ്രോജക്റ്റ് | ചെലവഴിച്ച തുക | വൌച്ചർ നമ്പർ |
|---|---|---|---|
| 1 | മുണ്ടക്കുറ്റി എസ്.ടി.കോളനി നടപ്പാത | 443773 | 19/17-18 /26.7.17 |
| 2 | വാളയാണക്കുന്ന് റോഡ് സൈഡ് സംരക്ഷണം | 231132 | 24/17-18 /26.7.17 |
| 3 | വാരാമ്പറ്റ പ്ലാക്കണ്ടി റോഡ് സൈഡ് സംരക്ഷണം | 271454 | 32/17-18 /26.7.17 |
| 4 | വലിയകണ്ടി നടപ്പാത ക്വാറി വേയ്സ്റ്റ് | 8058 | 88/17-18 /6.10.17 |
| 5 | 9-ാം വാർഡ് മണ്ണ് നീക്കം ചെയ്യൽ | 4080 | 89/17-18 /6.10.17 |
| 6 | മുണ്ടക്കുറ്റി -എടത്തറ സൈഡ് സംരക്ഷണം | 167025 | 99/17-18 /29.10.17 |
| 7 | ചേരിയംകൊല്ലി കല്ലുമൊട്ടംകുന്ന് കോളനി പമ്പ് ഹൌസ് | 9429 | 110/17-18 /21.12.17 |
| 8 | ടീച്ചർമുക്ക് കൊറ്റിയോട്ട് കുന്ന് സൈഡ് സംരക്ഷണം | 183150 | 128/17-18 /16.2.18 |
| 9 | ചേരിക്കൊല്ലി റോഡ് കൾവർട്ട് | 155689 | 184/17-18 /26.3.18 |
| 10 | മുണ്ടക്കുറ്റി പള്ളിത്താഴെ മണ്ണ് ഫില്ലിംഗ് | 20365 | 199/17-18 /26.3.18 |
| | ആകെ | 14,94,155 | |

ഓഡിറ്റ് റിക്വിസിഷൻ, ഓഡിറ്റ് എൻക്വയറി നമ്പർ 26 തീയതി 18.12.18എന്നിവപ്രകാരം രേഖകൾ

ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല.രേഖകൾ ഓഡിറ്റിന് ഹാജരാക്കാത്ത പക്ഷം, 1997 ലെ കേരളപഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങൾ, ചട്ടം 12(2) പ്രകാരം രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ ചെലവഴിച്ച തുക 14,94,155/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 3,00,000 | നെൽകൃഷി പ്രോത്സാഹനം ( 23/18 ) | 3,00,000 | 0 |
| | 2017-18 | 2,00,000/- | പാലിന് സബ്സിഡി ( 378/18 ) | 2,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 3,00,000/- | നെൽകൃഷി പ്രോത്സാഹനം (23/18 ) | 3,00,000/- | 0 |
| | 2017-18 | 1,96,000/- | പാൽ സബ്സിഡി | 1,96,000/- | 0 |

സംയുക്ത പദ്ധതികൾക്കായി ചെലവഴിച്ച തുകകൾ ടി പദ്ധതികളുടെ ആകെ ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. കാരണം വിശദീകരിക്കേണ്ടതാണ് .

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. വാർഷിക കണക്ക് പ്രകാരം തൻ വർഷം പഞ്ചായത്തിന് ഇ. എം.എസ് ഭവന പദ്ധതി, തണൽ ഭവന പദ്ധതി എന്നീ പദ്ധതികളിലായി 1,32,19,105രൂപ ( B-5 ) വായ്പായിനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ട്. ലോൺ രജിസ്റ്റർ പൂർണ്ണമല്ല .

രജിസ്റ്റർ പ്രകാരം ഇ. എം.എസ് ഭവന പദ്ധതിയിൽ 15,00,000/- രൂപ തിരിച്ചടവുണ്ട്. ബാക്കി തുകയായി കാണിച്ചിരിക്കുന്നത് 15,31,152/- രൂപയാണ്. പ്രസ്തുത തുകയിൽ മുതൽ, പലിശയിനത്തിൽ അടവാക്കാനുള്ള തുകകൾ എത്രയാണെന്ന് വ്യക്തമല്ല. തണൽ ഭവന പദ്ധതി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൻ വർഷം മുതൽ ഇനത്തിലും, പലിശയിനത്തിലും അടവാക്കിയ തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കാലികമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-5 സ്ഥിര നിക്ഷേപം

സ്ഥിര നിക്ഷേപത്തിന്റെ വിവരം ചുവടെ കൊടുക്കുന്നു .

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 445175 |
| തൻവർഷം നിക്ഷേപിച്ച തുക | 2500000 |
| തൻവർഷം പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 29,45,175 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| റസീപ്റ്റ് നം.86965<br>( ജില്ലാ സഹകരണ ബാങ്ക് , പടിഞ്ഞാറത്തറ) | 445175 |
| റസീപ്റ്റ് നം. 1001007316<br>(പടിഞ്ഞാറത്തറ സർവീസ് സഹകരണ ബാങ്ക് , പടിഞ്ഞാറത്തറ ) | 2500000 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7,926/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2000-01 | 3(1) | 790 | ശ്രീമതി പി.ഡി. ലീലാമ്മ | 117030102318/തീ 20/10/2017 |
| 2001-02 | 13 | 1376 | ശ്രീമതി പി.ഡി. ലീലാമ്മ | 117030102318/തീ 20/10/2017 |
| 2001-02 | 3(1) | 5760 | ശ്രീമതി പി.ഡി. ലീലാമ്മ | 117030102318/തീ 20/10/2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| ഓഡിറ്റ് വർഷം, | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| ഖണ്ഡിക നം. | | | |
| 1997-98<br>ഖ. 27 | 2002-03<br>12.8.ii | മണൽലേല തുക ഈടാക്കിയില്ല – ആറ് കടവുകളിൽ നിന്നായി 53,750രൂപ ഈടാക്കിയില്ല | പരാമർശം തുടരുന്നു |
| 1997-98<br>ഖ. 27 | 2002-03<br>അനുബന്ധം VII | മണൽ വില്പന – ലേലം വരവ് തുക പിരിച്ചെടുക്കാനുള്ള വിമുഖത സംബന്ധിച്ച് | പരാമർശം തുടരുന്നു |
| 1997-98<br>ഖ. 27 | 2003-04<br>3.12.2 | മണൽലേല തുക ഈടാക്കിയില്ല – ആറ് കടവുകളിൽ നിന്നായി 53,750രൂപ ഈടാക്കിയില്ല | പരാമർശം തുടരുന്നു |
| 1997-98<br>ഖ .36(2) | 2003-04<br>3.12<br>പൊതുപരാമർശങ്ങൾ | പൊലിയാട് പാടശേഖരത്തിന് ജലസേചന സൗകര്യം ഒരുക്കൽ - പൈപ്പ് സ്ഥാപിക്കുന്നതിന് 9370 രൂപ അധികം നൽകി | പരാമർശം തുടരുന്നു |
| 1997-98<br>ഖ .37(1) | 2003-04<br>3.12<br>പൊതുപരാമർശങ്ങൾ | സൂപ്പർ വിഷൻ നടത്തൽ , അളവ് എടുക്കൽ , ബിൽ തയ്യാറാക്കൽ എന്നിവയ്ക്ക് എഞ്ചിനീയർക്ക് 15529രൂപ അധികം നൽകി . | പരാമർശം തുടരുന്നു |
| 1999-00<br>ഖ – 33 | 2003-04<br>3.12<br>പൊതുപരാമർശങ്ങൾ | മാക്കോട്ട് കുന്ന് കോളനി റോഡ് - ടാറിന്റെ വില കുറയ്ക്കാതെ കൺവീനർക്ക് 11677രൂപ അധികം നൽകി | പരാമർശം തുടരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 10,11,73,611 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 9,72,97,211 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3,061 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,48,730 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 95,37,144 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 3,061 | | ശ്രീ അനിൽ രാമകൃഷ്ണൻ, സെക്രട്ടറി |
| 3-7( 1) | | 23,069 | ശ്രീമതി ശ്രീരത്നം പി, അസി.എഞ്ചിനീയർ |
| 3-7(2) | | 1,977 | ശ്രീ അബ്ദുൾ നാസർ .ടി അസി.എഞ്ചിനീയർ |
| 3-7(3) | | 4,285 | ശ്രീമതി ശ്രീരത്നം. പി, അസി.എഞ്ചിനീയർ |
| 3-7(4) | | 3,699 | ശ്രീ അബ്ദുൾ നാസർ .ടി അസി.എഞ്ചിനീയർ |
| 3-10 | | 1,15,700 | ശ്രീ അനിൽ രാമകൃഷ്ണൻ , സെക്രട്ടറി |
| ആകെ | 3,061 | 1,48,730 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,95,000 | ശ്രീ അനിൽ രാമകൃഷ്ണൻ ,സെക്രട്ടറി |
| 3-2 | 1,00,000 | ശ്രീ അനിൽ രാമകൃഷ്ണൻ ,സെക്രട്ടറി |
| 3-3 | 5,55,000 | ശ്രീ അനിൽ രാമകൃഷ്ണൻ ,സെക്രട്ടറി |
| 3-4 | 2,00,000 | ശ്രീ ഷീൻ തോമസ് , അസി .സെക്രട്ടറി |
| 3-8 | 11,60,625 | ശ്രീ അബ്ദുൾ നാസർ .ടി അസി.എഞ്ചിനീയർ |
| | 37,68,556 | ശ്രീമതി ശ്രീരത്നം, അസി.എഞ്ചിനീയർ |

| | | |
|---|---|---|
| 3-10 | 14,41,588 | ശ്രീ അനിൽ രാമകൃഷ്ണൻ , സെക്രട്ടറി |
| 3-11 | 40161 | ശ്രീ അബ്ദുൾ നാസർ .ടി അസി.എഞ്ചിനീയർ |
| 3-12 | 4,00,000 | ശ്രീ അബ്ദുൾ നാസർ .ടി അസി.എഞ്ചിനീയർ |
| 3-13(1) | 58,273 | ശ്രീ വിനോദ് കെ.എൻ , അസി .എഞ്ചിനീയർ |
| 3-13(2) | 17,312 | ശ്രീ വിനോദ് കെ.എൻ , അസി .എഞ്ചിനീയർ |
| 3-13(3) | 17,975 | ശ്രീമതി ശ്രീരത്നം, അസി.എഞ്ചിനീയർ |
| 3-15 | 88,499 | ശ്രീ അബ്ദുൾ നാസർ .ടി , അസി.എഞ്ചിനീയർ |
| 3-17 | 9,46,359 | ശ്രീമതി ശ്രീരത്നം, അസി.എഞ്ചിനീയർ |
| | 5,47,796 | ശ്രീ അബ്ദുൾ നാസർ .ടി അസി.എഞ്ചിനീയർ |
| ആകെ | 95,37,144 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ അനിൽ രാമകൃഷ്ണൻ , സെക്രട്ടറി | സെക്രട്ടറി , പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് | മണാലി , എ.ടി.സി റോഡ് , വെള്ളൂണി പി.ഒ,കേളകം ,കണ്ണൂർ |
| ശ്രീമതി ശ്രീരത്നം, അസി.എഞ്ചിനീയർ | നിലവിൽ സേവനത്തിലില്ല. | ശ്രുതി ,ഗുരുവായൂരപ്പൻ കോളേജ് പി.ഒ ,കോഴിക്കോട് , 673014 |
| ശ്രീ അബ്ദുൾ നാസർ .ടി അസി.എഞ്ചിനീയർ ( അധിക ചുമതല ) | അസി.എഞ്ചിനീയർ, കൽപ്പറ്റ നഗരസഭ | നെസ്റ്റ് , പിണങ്ങോട് പി.ഒ , |
| ശ്രീ വിനോദ് കെ.എൻ , അസി .എഞ്ചിനീയർ | ലഭ്യമല്ല | കരുത്തിൽ , കുനമുച്ചി പി. ഒ, തൃശ്ശൂർ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1997-98 | എൽ.എഫ്.ഡബ്ല്യു. പി.1-1077/08(6) തീ. 6/11/08 |
| 1998-99 | എൽ.എഫ്.ഡബ്ല്യു. പി.1-1077(7)/08 തീ. 6/11/08 |
| 1999-00 | എൽ.എഫ്.ഡബ്ല്യു. പി.1-1077/08 (8)തീ. 6/11/08 |
| 2000-01 | എൽ.എഫ്.ഡബ്ല്യു. പി.1-1077/08 (9)തീ. 6/11/08 |
| 2001-02പ്ലാൻ | എൽ.എഫ്.ഡബ്ല്യു. പി.3-591/07 തീ. 11/07/08 |
| 2002-03 | എൽ.എഫ്.ഡബ്ല്യു. പി.7-309/09 തീ. 12/2/08 |
| 2003-04 | എൽ.എഫ്.ഡബ്ല്യു. പി.7-127/08 തീ. 4/3/08 |
| 2004-05 | എൽ.എഫ്.ഡബ്ല്യു. പി.7-145/08 തീ.3/4/09 |
| 2005-06 | എൽ.എഫ്.ഡബ്ല്യു. പി.7- 144/08 തീ 3 /4/08 |
| 2006-07 | എൽ.എഫ്.ഡബ്ല്യു. പി.1-368/1309 തീ. 18.7.2014 |
| 2007-08 | എൽ.എഫ്.ഡബ്ല്യു. പി.1-327/13 തീ. 3/7/2013 |
| 2008-09 | എൽ.എഫ്.ഡബ്ല്യു. പി.1-328/13 തീ.30/5/2013 |
| 2009/10 | എൽ.എഫ്.ഡബ്ല്യു. പി.1-329/13/ തീ.31/7/2013 |
| 2010-11 | എൽ.എഫ്.ഡബ്ല്യു. പി.1-9/13 തീ.3/4/2014 |
| 2011-12 | എൽ.എഫ്.ഡബ്ല്യു. പി.1-257/14 തീ. 7/7/14 |
| 2012-13 | എൽ.എഫ്.ഡബ്ല്യു. പി.2-719/15 തീ. 10/12/15 |
| 2013-14 | എൽ.എഫ്.ഡബ്ല്യു. പി.2-134/16 തീ. 21/4/2018 |
| 2014-15 | എൽ.എഫ്.ഡബ്ല്യു. പി.2-431/16 തീ.28/12/2017 |
| 2015-16 | കെ.എസ്.എ. ഡബ്ല്യൂ.വൈ.ഡി. പി2-864/16 തിയ്യതി 7/6/2018 |
| 2016-17 | നം .കെ.എസ്.എ.(ഡബ്ള്യ.വൈ.ഡി) പി2- 602 /2017 തീ . 25.5.2018 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## <u>അനുബന്ധം- 1</u>

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2-519/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 26/06/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 കേരള പഞ്ചായത്ത് രാജ് നിയമം 215(6), 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## അനുബന്ധം - 2

## വാർഷിക കണക്കുകളിലെ അപാകതകൾ

നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി2-519/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 26/06/2018

2017-18സാമ്പത്തികവർഷത്തെ പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കു പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു. വിശദീകരണം നൽകേണ്ടതാണ്.

1.അക്കൗണ്ടിംഗ് കുറിപ്പുകൾ, അടിസ്ഥാന അനുപാത സ്റ്റേറ്റുമെന്റുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

2.ട്രയൽ ബാലൻസിലെ 1ൽ തുടങ്ങുന്ന ശീർഷകമുള്ള വരുമാനം തുകകൾ ഇൻകം & എക്സ്പെന്റീച്ചർ അകൗണ്ടിലെ വരുമാനം ഭാഗത്തുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

ഉദാ.

| ഇനങ്ങൾ | ട്രയൽ ബാലൻസ് | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി | 40,14,046 | 40,13,548 | 498 |
| തൊഴിൽ നികുതി (Employees) | 2,80,510 | 2,75,560 | 4,950 |
| പെനാൽറ്റീസ് & ഫൈൻസ് | 2,35,388 | 2,33,953 | 1,435 |
| ബസ് സ്റ്റാന്റ് വരവ് | 23,000 | 8,000 | 15,000 |

3.ട്രയൽ ബാലൻസിലെ 2ൽ തുടങ്ങുന്ന ശീർഷകമുള്ള ചെലവ് തുകകൾ ഇൻകം & എക്സ്പെൻറീച്ചർ അകൗണ്ടിലെ ചെലവ് ഭാഗത്തുള്ള ഷെഡ്യൂളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനങ്ങൾ | ട്രയൽ ബാലൻസ് | ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം | വ്യത്യാസം |
|---|---|---|---|
| ശമ്പളം | 69,95,995 | 69,82,288 | 13,707 |
| ദിവസ വേതനക്കാരുടെ കൂലി | 8,48,840 | 8,12,540 | 36,300 |
| ബോണസ് | 14,500 | 13,250 | 1,250 |
| ഫെസ്റ്റിവൽ അലവൻസ് | 56,740 | 48,490 | 8,250 |

4.പ്രതിമാസ ബാങ്ക്/ട്രഷറി റീ കൺസീലിയേഷൻ സ്റ്റേറ്റുമെന്റുകൾ , ഡേബുക്ക്, എ.സി.ആർ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5.പഞ്ചായത്ത് നൽകിയതും മൂന്നു മാസത്തിലധികമായി എൻക്യാഷ് ചെയ്യാത്തതുമായ ചെക്കുകളുടെ തുകകൾ Liability in respect of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ഉദാ. പടിഞ്ഞാറത്തറ SCB A/C No.412

Cheque no.1033401 dtd 10/02/2017,

Cheque no.107989 dtd 21/05/2016,

Cheque no.103334 dtd 22/12/2016.

6.പടിഞ്ഞാറത്തറ SCB A/C No.412 ൽ നിക്ഷേപിച്ചCheque no. 7205051 dtd 21/03/2016 ഇതുവരെ ബാങ്കിൽ ക്രഡിറ്റ് ചെയ്തിട്ടില്ല.

7. DCB രജിസ്റ്റർ പ്രകാരമുള്ള കളക്ഷൻ തുകയും റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കളക്ഷൻ തുകയും തമ്മിൽ വ്യത്യാസമുണ്ട്.

| ഇനങ്ങൾ | പത്രിക / രജിസ്റ്റർ പ്രകാരം | റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വസ്തു നികുതി | കുടിശ്ശിക-2122179 | കുടിശ്ശിക-20,64,078 | 58,101 |
| | തൻവർഷം-3666618 | തൻവർഷം-36,65,047 | 1,571 |
| പൊതു ശൗചാലയ വരവ് | 10900 | 5,405 | 5,495 |
| വിവാഹ രജിസ്ട്രേഷൻ | 11470(RP-4) | 33,055 | 21,585 |
| ജനന – മരണ രജിസ്ട്രേഷൻ | 177(1-4(b) | 1140 | 963 |

8. DCB രജിസ്റ്റർ പ്രകാരമുള്ള ബാലൻസ് തുകയും ബാലൻസ് ഷീറ്റുമായി ( B-15) യോജിക്കുന്നില്ല.

| ഇനങ്ങൾ | പത്രിക / രജിസ്റ്റർ പ്രകാരം | ബാലൻസ് ഷീറ്റ് ( B-15) | വ്യത്യാസം |
|---|---|---|---|
| | തൻവർഷം-15237 | തൻവർഷം-399667 | 384430 |

9. DCB രജിസ്റ്റർ പ്രകാരം വസ്തു നികുതി അഡ്വാൻസ് ഇനത്തിൽ 80793 ബാലൻസ് ഉണ്ട്. എന്നാൽ പ്രസ്തുത തുക ബാലൻസ് ഷീറ്റിൽ ബാധ്യതയായി കാണിച്ചിട്ടില്ല. റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് (RP-36) ലും ഉൾപ്പെടുത്തിയിട്ടില്ല.

10. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ , ടെണ്ടർ സെയിൽ ഫോം രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

11. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

12. സ്റ്റോക്ക് രജിസ്റ്റർ, ലോൺ രജിസ്റ്റർ, തൊഴിലില്ലായ്മ വേതന രജിസ്റ്റർ, ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്റർ എന്നിവ സെക്രട്ടറി സംക്ഷിപ്തമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

13.Capital Work in progress (Schedule B-11(a) യിൽ) 34,26,391/- രൂപ കാണുന്നുണ്ട്. എന്നാൽ പാർട്ട് ബില്ലിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

14.B-12 Schedule പ്രകാരം Fixed Deposit -29,45,175/- ആണ് എന്നാൽ ഫിസിക്കൽ വേരിഫിക്കേഷനിൽ 25 ലക്ഷം രൂപയുടെ Fixed deposit receipt മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.

15.സ്റ്റോക്ക് രജിസ്റ്റർ പ്രകാരം clossing Stock- 2,21,191/- രൂപ കാണിക്കുന്നുണ്ടെങ്കിലും B-40 Sehedule പ്രകാരമുള്ള ബാലൻസ് തുക zero ആണ്.

16.തൻ വർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻ വർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

17. ആസ്തികൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻ വർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

18. RP-40(b) പ്രകാരം നിലവിൽ പ്രവർത്തിക്കാത്ത 2 അകൗണ്ടുകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1.Canara Bank A/c 27283- Balance amount-416000/-

2.VPF Treasury-Balance amount-17081/-

19. Schedule B-17 പ്രകാരം State Bank of India (Sanchaya E payment)-1,07,888/- രൂപ ബാലൻസ് ഉണ്ട്

എന്നാൽ പാസ് ബുക്ക് പ്രകാരം 1,04,587/- രൂപയാണുള്ളത്. 3301/- രൂപയുടെ വ്യത്യാസം കാണുന്നു.

20. നിർവ്വഹണോദ്യോഗസ്ഥർ 7 എ കാഷ് ബുക്ക് ഉപയോഗിക്കുന്നില്ല.

21. RP-5 – ൽ Receipt from Auction of obsolete assets എന്നതിൽ 200300 രൂപ ഉണ്ട്. എന്നാൽ, പ്രസ്തുത തുക ലേല രജിസ്റ്ററിൽ ചേർത്തിട്ടില്ല.

22. ബാലൻസ് ഷീറ്റില് "State Govt cesses / levies in property tax"(library cess) എന്ന ഇനത്തിലുള്ള തുക പൊരുത്തപ്പെടുന്നില്ല.

23. വാർഷിക കണക്കിൽ ക്ലോസിംഗ് സ്റ്റോക്ക് പൂജ്യം ആണ് കാണിച്ചിരിക്കുന്നത്.

29. ICDS, TSC എന്നിവയുടെ അലോട്ട്മെന്റ് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ആണ് വരവ് വെക്കുന്നത്. എങ്കിലും, പ്രസ്തുത ഗ്രാന്റുകൾക്ക് ACR സൂക്ഷിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, വയനാട്.

## അനുബന്ധം - 3

### വാർഷിക കണക്ക് സംക്ഷിപ്തം

PADINHARATHARA GRAMA PANCHAYATH

Income & Expenditure Statement

for the period from 01 April 2017 to 31 March 2018

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| Income | | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 52,32,028 |
| 130000000 | Rental income from Panchayat Properties | I-3 | 1,62,400 |
| 140000000 | Fee & User Charges | I-4(b) | 6,93,355 |
| 150000000 | Sale& Hire Chargrs | I-5(b) | 3,35,100 |
| 151000000 | Receipts from Transferred Institution | I-5(a) | 3,49,215 |
| 160000000 | Revnue Grants, Funds, Contributions & Compensations | I-6 | 10,93,66,105 |
| 171000000 | Interest Earned | I-8 | 469,133 |
| 180000000 | Other Income | I-9 | 17,926 |
| A | Total - Income | | 11,66,25,262 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 1,13,96,713 |
| 220000000 | Administrative Expenses | I-11(b) | 13,41,629 |
| 230000000 | Operations & Maintenance | I-12(b) | 21,41,304 |
| 240000000 | Interest & Finance charges | I-13 | 15,30,448 |
| 250000000 | Decentralised Plan Programme – Prodective sector | I-14 | 1,25,26,235 |
| 251000000 | Decentralised Plan Programme – Service sector | I-14(a) | 4,56,32,807 |
| 252000000 | Decentralised Plan Programme – Infrastructure sector | I-14(b) | 92,32,633 |
| 253000000 | Decentralised Plan Programme – Projects not included in sector Division | I-14(c) | 13,37,835 |
| 254000000 | Expenditure of Tramsffered Institutions and State Sponsered Scheme (not inculed under Decentralised Plan Programme | 1-14(d) | 1,67,96,660 |
| 255000000 | Maintenances Projects | I-14(e) | 77,32,613 |
| 256000000 | Other Revenue Grants and Funds – Revenue Expenses | I-15(a) | 34,500 |
| B | Total Expenditure | | 10,97,03,377 |
| C= A-B | Gross Surplus/Deficit of Income over Expenditure | | 69,21,885 |
| D=280000000 | Prior Period Item | I-18 | 8,87,914 |
| E= C-D | Gross Surplus/Deficit of Income over Expenditure after prior period Items | | 60,33,971 |
| 290000000 | Transfer to Reserve Funds | | |
| | Net balance being surplus/defict carried over to balance sheet (Panchayath Fund) | | |

ഡെപ്യൂട്ടി ഡയറക്ടർ

കൽപ്പറ്റ
തിയ്യതി: 14/02/2019

PADINHARATHARA GRAMA PANCHAYATH

Receipt & Payment Statement

for the period from 01 April 2017 to 31 March 2018

| Code | Head of Account | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 17,749,293.50<br>0.00 |
| Receipt | | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 9,26,820 |
| 130000000 | Rental income from Panchayat Properties | RP-3 | 18,700 |
| 140000000 | Fee & User Charges | RP-4 | 6,18,355 |
| 150000000 | Sale& Hire Chargrs | RP-5 | 3,35,100 |
| 160000000 | Revnue Grants, Funds, Contributions & Compensations | RP-7 | 5,88,24,390 |
| 171000000 | Interest Earned | RP-9 | 4,69,133 |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2,19,51,653 |
| 350000000 | Other Liabilities | RP-36 | 35,24,428 |
| Non Operating | | | |
| 180000000 | Other Income | RP-10 | 17,926 |
| 340000000 | Deposits REceivede | RP-34 | 36,42,716 |
| 350000000 | Other Liabilities | RP-36 | 34,66,445 |
| 431000000 | Sundry Debtors (Receivables) | RP-43 | 62,23,385 |
| 460000000 | Loans: Advances and Deposits | RP-47 | 11,54,560 |
| Grant Total | | | 11,89,22,904.50 |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 40,24,858 |
| 220000000 | Administrative Expenses | RP-12 | 12,74,170 |
| 230000000 | Operations & Maintenance | RP-13 | 21,03,763 |
| 250000000 | Decentralised Plan Programme – Prodective sector | RP-15 | 72,06,967 |
| 251000000 | Decentralised Plan Programme – Service sector | RP-16 | 1,62,83,028 |
| 252000000 | Decentralised Plan Programme – Infrastructure sector | RP-17 | 76,82,824 |
| 253000000 | Decentralised Plan Programme – Projects not included sector | RP-18 | 13,37,835 |
| 254000000 | Expenditure of Transfered Institutions and State Sponsered Scheme | RP-19 | 1,45,560 |
| 255000000 | Maintenances Projects | RP-20 | 77,32,613 |
| 256000000 | Other Revenue Grants and Funds-Revenue Expenses | RP-21 | 34,500 |
| 280000000 | Prior Period Item | RP-26 | -30,757 |
| 320000000 | Grands, Funds & Contribution for Specific Purpose | RP-31 | 12,24,400 |
| 350000000 | Other Liabilities | RP-36 | 69,34,951 |

| | | | |
|---|---|---|---|
| Non Operating | | | |
| 240000000 | Interest & Finance charges | RP-14 | 15,30,448 |
| 330000000 | Secured Loans | RP-32 | 30,00,000 |
| 340000000 | Deposits received | RP-34 | 1,36,800 |
| 350000000 | Other Liabilities | RP-36 | 57,05,533 |
| 410000000 | Fixed Assets | RP-38 | 80,72,178 |
| 412000000 | Capital Work in Progress | RP-40 | 1,10,35,600 |

| | | | |
|---|---|---|---|
| 420000000 | Investments | RP-41 | 25,00,000 |
| 431000000 | Sundry Debtors ( Receivables ) | RP_43 | 68,64,976 |
| 460000000 | Loans, Advances and Deposits | RP-47 | 24,96,964 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 2,11,18,401.50<br>507292.00 |
| Grand total | | | 118922904.50 |

ഡെപ്യൂട്ടി ഡയറക്ടർ

കൽപ്പറ്റ
തിയ്യതി: 14/02/2019

PADINHARATHARA GRAMA PANCHAYATH

BALANCE SHEET

As on 31 March 2018

| Code No. | Description of Items | Schedule | Amount (Rs.) |
|---|---|---|---|
| | Opening Balance | | |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayath Fund | B-1 | 17032183.15 |
| 311000000 | Earmarked Funds | B-2 | 0.00 |
| 312000000 | Reserves | B-3 | 61452831.00 |
| | Total Reserve & Surplus 78485014.15 | | |

| | | | |
|---|---|---|---|
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 15510199.00 |
| | Grants, Funds & Contributions for Specific Purposes | | 15510199.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 13219105.00 |
| | Total Loans | | 13219105.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 4736631.00 |
| 350000000 | Other Liabilities | B-9 | 2937394.35 |
| | Total current Liabilities & Provisions | | 7674025.35 |
| | TOTAL LIABILITIES | | 114888343.5 |
| 4320000000 | ASSETS<br>Current Liabilities and Provisions<br>Accumalated Provisions AgainstbDebtors ( Receivables ) | B-15(a) | ( 20146.00 ) |
| | FIXED ASSETS | | |
| 410000000 | Fixed Assets | B-11 | 69896467 |
| 411000000 | Accumulated Depreciation | B-11 | (3923006.00 ) |
| 412000000 | Capital Work in progress | B-11(a) | 3426391.00 |
| | Total Fixeds assets | | 69399852.00 |
| 420000000 | Investments<br>Investments | B-12 | 2945175 |
| | Current Assets Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtore (Receivable) | B-15 | 7203528.00 |
| 440000000 | Pre-paid Expences | B-16 | 13219105.00 |
| 450000000 | Cash and bank balance | B-17 | 21625693.50 |
| 460000000 | Loans, Advance and Deposits | B-18 | 515136.00 |
| | Total Current Assets, Loans and Advances | | 425663462.5 |
| | TOTAL ASSETS | | 114888343.5 |

ഡെപ്യൂട്ടി ഡയറക്ടർ

കൽപ്പറ്റ
തിയ്യതി: 14/02/2019